# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM P7/180/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 05/04/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM P7/180/2023 തീയ്യതി: 05/04/2023

## കൊല്ലം ജില്ലയിലെ തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2022 മുതൽ 31-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-01-2022 മുതൽ 31-10-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. അമ്പിളി എം.ഡി | ഡെപ്യൂട്ടിഡയറക്ടർ(ഹ.ഗ്രേ) | 19-01-2023 | 28-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 19-01-2023 | 28-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.നവീൻ ചന്ദ്രൻ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)

ശ്രീമതി ഷീജ ആർ, അസി. ഓഡിറ്റ് ഓഫീസർ

ശ്രീ അനിൽകുമാർ.എസ്,സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.ശ്രീകുമാർ.എസ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി എൽ. ജലജാകുമാരി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. റ്റി. സുരേഷ് കുമാർ | സെക്രട്ടറി | 01-04-2021 | 04-07-2021 |
| ശ്രീ.ഷിഹാബുദ്ദീൻ.എ | സെക്രട്ടറി | 05-07-2021 | 07-10-2021 |
| ശ്രീ.പ്രശാന്ത് എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 08-10-2021 | 26-10-2021 |

| | | | |
|---|---|---|---|
| ശ്രീ.അജിത്ത്.എസ്.എൻ | സെക്രട്ടറി | 27-10-2021 | 31-03-2022 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.അന്നമ്മ വി.ജെ | അസി.സെക്രട്ടറി | 01-04-2021 | 13-07-2021 |
| ശ്രീ.പ്രശാന്ത് എസ് | അസി.സെക്രട്ടറി | 13-07-2021 | 27-01-2022 |
| ശ്രീമതി.സതി ഒ എസ് | അസി.സെക്രട്ടറി | 28-01-2022 | 31-03-2022 |
| സുജിത്ത്.എസ് | അസിസ്റ്റന്റ് എൻജിനീയർ | 01-04-2021 | 31-03-2022 |
| കൃഷ്ണ എസ്. എസ് | കൃഷി ഓഫീസർ | 01-04-2021 | 12-10-2021 |
| അനുഷ്മ എസ് | കൃഷി ഓഫീസർ | 13-10-2021 | 31-03-2022 |
| ഡോ. നിസ. ബി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ. ബീന | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2021 | 31-03-2022 |
| ഡോ.അനിൽകുമാർ.കെ | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| അനോയ് | വി.ഇ.ഒ | 01-04-2021 | 08-08-2021 |
| സന്ധ്യ. സി. എസ് | വി.ഇ.ഒ | 01-04-2021 | 16-11-2021 |
| അനന്ദു | വി.ഇ.ഒ | 01-04-2021 | 26-09-2021 |
| സാബു | വി.ഇ.ഒ. | 09-08-2021 | 31-03-2022 |
| അശ്വതി ആർ എസ് | വി.ഇ.ഒ. | 27-09-2021 | 31-03-2022 |
| രശ്മി | വി.ഇ.ഒ. | 17-11-2021 | 31-03-2022 |
| നൌഫിയ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ഡോ.ദിലീപ് ചന്ദ്രൻ | മെഡിക്കൽ ഓഫീസർ സി.എച്ച്.സി. | 01-04-2021 | 31-03-2022 |
| നിഷ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്ഷേമപെൻഷൻ-അധികം നൽകിയ തുക തിരികെ ഈടാക്കിയത് ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തിയില്ല | 1-7-1 |
| 10 | ക്യാഷ് പരിശോധന | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 13 | പ്രാഥമിക മേഖലയിലെ കെട്ടിടങ്ങൾക്ക് ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി നികുതി ഇളവ് നൽകുന്നു | 1-11 |
| 14 | കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു. | 1-12 |
| 15 | വിസ്തീർണ്ണം കുറച്ച് വസ്തുനികുതി നിർണ്ണയിച്ചു | 1-13 |
| 16 | കടമുറി വാടകയിനത്തിൽ കുടിശ്ശിക | 1-14 |
| 17 | ഉപയോഗക്രമത്തിനനുസരിച്ച് വസ്തു നികുതി നിർണയിച്ചില്ല | 1-15 |
| 18 | കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ -ആവർത്തിച്ച് നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്. | 1-16 |
| 19 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി-പഠനമുറി പൂർത്തീകരിച്ചില്ല | 1-17 |
| 20 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി-ഗുണഭോക്താവിന് വാല്യുവേഷനിൽ നിന്നും അധികമായി തുക നൽകി | 1-18 |
| 21 | ബഡ്സ് സ്ഥാപനങ്ങൾ-അടിസ്ഥാന സൗകര്യവികസനത്തിനുള്ള തുക വിനിയോഗിച്ചില്ല | 1-19 |
| 22 | തലച്ചിറ ബണ്ട് നവീകരണം - ഭക്ഷണചെലവിനത്തിൽ തുക ചെലവഴിച്ചത് രേഖകളുടെ അഭാവത്തിൽ തടസ്സപ്പെടുത്തുന്നു | 1-20 |
| 23 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. | 1-21 |
| 24 | കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. | 1-22 |
| 25 | കേരള മെഡിക്ക**ൽ** സ**ർ**വ്വീസസ് കോ**ർ**പ്പറേഷനി**ൽ** നിന്നും 27,857/-രൂപയുടെ മരുന്നുക**ൾ** ലഭിച്ചിട്ടില്ല | 1-23 |
| 26 | വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കാത്താതിനാൽ 368844/-രൂപ തടസ്സപ്പെടുത്തുന്നു. | 1-24 |
| 27 | ഭവന പുനരുദ്ധാരണ പ്രവൃത്തി പൂർത്തീകരിച്ചില്ല. | 1-25 |
| 28 | കേരള വാട്ടർ അതോറിറ്റിക്ക് വെള്ളക്കരമിനത്തിൽ വൻതുക ഒടുക്കു വരുത്തുന്നു | 1-26 |

| | | |
|---|---|---|
| 29 | ലൈഫ് ഭവനപദ്ധതി-ആദ്യഗഡു കൈപ്പറ്റിയെങ്കിലും വീടുപണി ആരംഭിച്ചിട്ടില്ല. | 1-27 |
| 30 | ദേശീയ തൊഴിലുറപ്പ് പദ്ധതി-അവലോകനം | 1-28 |
| 31 | ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് പാലിയ്ക്കുന്നില്ല | 1-29 |
| 32 | പാനൽ എൻജിനീയർമാർ മുഖേന നടത്തുന്ന ഇലക്ട്രിക്കൽ പ്രവൃത്തികൾ-സർക്കാർ നിർദ്ദേശങ്ങൾ പാലിയ്ക്കുന്നില്ല | 1-30 |
| 33 | ഒരേ ദിവസം ഒന്നിൽ കൂടുതൽ പ്രവൃത്തി സ്ഥലങ്ങളിൽ അർദ്ധ /വിദഗ്ധ പ്രവൃത്തികൾ നിർവ്വഹിച്ചതായി രേഖപ്പെടുത്തി തൊഴിലാളികൾക്ക് വേതനം അനുവദിച്ചു | 1-31 |
| 34 | മഴക്കാലപൂർവ്വ ശുചീകരണപ്രവർത്തനങ്ങൾ-ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ബന്ധപ്പെട്ട അക്കൌണ്ടിൽ തിരികെ ഒടുക്കുവരുത്തേണ്ടതാണ്. | 1-32 |
| 35 | കോക്ലിയർ ഇംപ്ലാന്റേഷൻ -വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-33 |
| 36 | അങ്കണവാടികൾക്ക് ഏകീകൃത നെയിംബോർഡ് - ടെൻഡർ നടപടികൾ കൂടാതെ നെയിംബോർഡ് വാങ്ങി സ്ഥാപിച്ചു | 1-34 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ -ആവർത്തിച്ച് നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്. | 3-1 |
| 2 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി-ഗുണഭോക്താവിന് വാല്യുവേഷനിൽ നിന്നും അധികമായി തുക നൽകി | 3-2 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധപത്രികകൾ | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

31-03-2021 തീയതിയിലെ 1 തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 10-03-2022 തീയതിയിലെ 2 -തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2022 | 17-08-2022 | | |

### 1-2-1 വാർഷിക കണക്കിലെ അപാകതകൾ

1. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

2. Income And Expenditure Statement ൽ Non Residential കെട്ടിടങ്ങളുടെ ഡിമാന്റ് ഉൾപ്പെടുത്തിയിട്ടില്ല

3. ലൈഫ്-ലോൺ ഇനത്തിലെ വരവ് 10340000/-രൂപയാണ്. എന്നാൽ ലൈഫ്-സ്റ്റേറ്റ് ഷെയർ ഇനത്തിലെ വരവായ 20,00,000/- കൂടി ചേർന്ന തുകയായ 12340000/- രൂപയാണ് വാർഷിക ധനകാര്യപത്രികയിൽ RP31-ലെ 330500201 എന്ന ഹെഡിൽ Secured Loan ഇനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

4. സുലേഖ സ്റ്റേറ്റ്മെന്റിൽ തനത് ഫണ്ടിനത്തിലെ ചെലവ് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര്/നമ്പർ | 2021-22 വർഷത്തെ ചെലവ് (₹) | സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവ് (₹) | റിമാർക്സ് |
|---|---|---|---|---|
| 1 | പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ, ഫോട്ടോസ്റ്റാറ്റ് മെഷീൻ, സ്കാനർ, പ്രൊജക്ടർ തുടങ്ങിയ ഉപകരണങ്ങൾ – 283/21-22 | 316222/- | 348522/- | 32300/- രൂപ 2022-23 വർഷത്തിലെ ചെലവാണ് |
| 2 | കോവിഡ് പ്രതിരോധ പ്രവർത്തനം-ജനകീയ ഹോട്ടൽ വഴി വാർഡുകളിൽ സൗജന്യഭക്ഷണം നൽകൽ – 176/21-22 | 630625/- | 213750/- | |
| 3 | ഉണർവ് – 137/21-22 | 249861/- | 100000/- | |
| 4 | കോവിഡ്-19 പ്രതിരോധ പ്രവർത്തനം (അസി.സെക്രട്ടറി) - 175/21-22 | 709760/- | 665122/- | |
| 5 | കോവിഡ്-19 പ്രതിരോധ പ്രവർത്തനം (സെക്രട്ടറി) – 177/21-22 | 831053/- | 36988/- | |

5. TPSCB-0wn Fund എന്ന തനതു ഫണ്ട് അക്കൗണ്ടിന്റെ 2020-21 വർഷത്തെ നീക്കിയിരുപ്പ് 46193362/- രൂപയാണ്. എന്നാൽ 2021-22 വർഷത്തിൽ TPSCB-0wn Fund എന്ന അക്കൗണ്ടിന്റെ മുന്നിരുപ്പായി രേഖപ്പെടുത്തിയിട്ടുള്ളത് Co-operative Bank Account Of Own Revenue Fund എന്ന അക്കൌണ്ടിന്റെ മുന്നിരിപ്പായ 91985/- രൂപയുംകൂടി ചേർന്ന 46285347/- (46193362 +91985 ) രൂപയാണ്.

6. വാർദ്ധക്യകാല പെൻഷൻ ഇനത്തിൽ അധികം നൽകിയ 1,67,900/-രൂപ, വിധവ പെൻഷൻ ഇനത്തിൽ അധികം നൽകിയ 1,12,300/- രൂപ എന്നിവ ഗുണഭോക്താക്കൾ പഞ്ചായത്തിൽ ഒടുക്കുവരുത്തിയെങ്കിലും പ്രസ്തുത തുക ബന്ധപ്പെട്ട അക്കൗണ്ടിൽ തിരികെ ഒടുക്കുവരുത്തിയിട്ടില്ല (B4-Other Liabilities – 320100999).

7. കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ബേസിക് ഗ്രാന്റ് ) ന്റെ എ.സി.ആർ പ്രകാരമുള്ള ചെലവ് 5364405/- രൂപയാണ്. എ.സി.ആർ പ്രകാരമുള്ള 217385/- രൂപയുടെ അലോട്ട്മെന്റ് തൻവർഷം ചെലവായിട്ടില്ല. എന്നാൽ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ചെലവ് 5138799/- രൂപയാണ്.

8. കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (പെർഫോർമൻസ് ഗ്രാന്റ് ) ന്റെ എ.സി.ആർ പ്രകാരമുള്ള ചെലവ് 3603369/- രൂപയാണ്. എന്നാൽ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ചെലവ് 2217289/- രൂപയാണ്. എ.സി.ആർ പ്രകാരമുള്ള 1386080/- രൂപയുടെ അലോട്ട്മെന്റ് തൻവർഷം ചെലവായിട്ടില്ല.

9. മെയിന്റനൻസ് ഗ്രാന്റ്(റോഡ്) ഇനത്തിൽ എ.സി.ആർ പ്രകാരമുള്ള ചെലവ് 3116152/- രൂപയാണ്. എന്നാൽ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ചെലവ് 2828885/- രൂപയാണ്. എ.സി.ആർ പ്രകാരമുള്ള 287267/- രൂപയുടെ അലോട്ട്മെന്റ് തൻവർഷം ചെലവായിട്ടില്ല.

10. തൊഴിൽ നികുതി, ലേലം, വാടക എന്നിവയുടെ ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

11. തടിലേലമിനത്തിലെ വരവായ 5,29,000/- രൂപ Other Fees-140400199 എന്ന ഹെഡിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

12. വികസന ഫണ്ട് (ജനറൽ) ലെ എ.സി.ആർ പ്രകാരമുള്ള 787987/-രൂപയുടെ അലോട്ട്മെന്റ് ചെലവായിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 95005463.63 |
| വരവ് | 157202554/- |
| ആകെ | 252208017.63 |
| ചെലവ് | 146965926/- |
| നീക്കിയിരിപ്പ് | 105242091.63 |
| വരവിനത്തിലുള്ള നഷ്ടം | 0 |
| ചെലവിനത്തിലുള്ള നഷ്ടം/നിരാകരിക്കുന്ന തുക | 39692/- |
| തടസ്സപ്പെടുത്തിയ തുക | 1421361/- |

## 1-4 ഫണ്ട് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ്/ ലാപ്സായ തുക ₹ |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 34165081/- | 34165081/- | 33303129/- | 861952/- |
| വികസനഫണ്ട് (എസ്.സി.പി) | 0 | 14334568/- | 14334568/- | 12611257/- | 1723311/- |
| ധനകാര്യ കമ്മിഷൻഗ്രാന്റ് (Untied) ബാങ്ക് | 0 | 6386393/- | 6386393/- | 3169903/- | 3216490/- |
| ധനകാര്യ കമ്മിഷൻഗ്രാന്റ് (Untied) ട്രഷറി | 0 | 3625263/- | 3625263/- | 1968896/- | 1656367/- |
| ധനകാര്യ കമ്മിഷൻഗ്രാന്റ് (Tied) ബാങ്ക് | 0 | 9302000/- | 9302000/- | 82223/- | 9219777/- |
| ധനകാര്യ കമ്മിഷൻഗ്രാന്റ് (Tied) ട്രഷറി | 0 | 8737270/- | 8737270/- | 2135066/- | 6602204/- |
| മെയിന്റനൻസ് ഫണ്ട്(റോഡ്) | 0 | 17974042/- | 17974042/- | 2828885/- | 15145157/- |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 0 | 11695287/- | 11695287/- | 3644844/- | 8050443/- |
| റ്റി.എസ്.സി | 10396816/- | 201502/- | 10598318/- | 3493521/- | 7104797/- |
| ഐസിഡിഎസ് സ്കീം | 4630731/- | 322800/- | 4953531/- | 4953531/- | 0 |
| ഐ സി ഡി സർവീസ് | 0 | 2011238/- | 2011238/- | 2011238/- | 0 |
| എംജിഎൻആർഇജിഎസ് | 780266/- | 942832/- | 1723098/- | 1718382/- | 4716/- |
| വിദ്യാസഹായി | 652000/- | - | 652000/- | - | 652000/- |
| ലൈഫ് സ്റ്റേറ്റ് ഷെയർ | 0 | 2000000/- | 2000000/- | - | 2000000/- |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 272 | 309449984/- | 147 | 98407718/- | - | 125 | 54 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 780266/- | 942832/- | 1723098/- | 1718382/- | 4716/- |
| ഗുണഭോക്താകൾക്ക് | 0 | 32292230/- | 32292230/- | 32292230/- | - |

| | | | | | |
|---|---|---|---|---|---|
| നേരിട്ട് നൽകുന്നത് | | | | | |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 423120/- | 365 |
| കർഷകതൊഴിലാളി പെൻഷൻ | 4734600/- | 379 |
| വിധവാപെൻഷൻ | 40238800/- | 3353 |
| വാർദ്ധക്യകാലപെൻഷൻ | 55405500/- | 4799 |
| വികലാംഗപെൻഷൻ | 13914900/- | 966 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 330000/- | 28 |
| 50 വയസ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 331600/- | 11 |

### 1-7-1 ക്ഷേമപെൻഷൻ-അധികം നൽകിയ തുക തിരികെ ഈടാക്കിയത് ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തിയില്ല

2021-22 സാമ്പത്തിക വർഷത്തിൽ വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ എന്നീ ക്ഷേമപെൻഷൻ ഇനങ്ങളിൽ അധികം നൽകിയ 280200/- രൂപ തിരികെ ഈടാക്കിയെങ്കിലും ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേരും മേൽവിലാസവും | പെൻഷൻ തരം | ഐ.ഡി നമ്പർ | തിരികെ ഈടാക്കിയ തുക (₹) |
|---|---|---|---|---|
| 1 | സരസ്വതി, എസ്.എൽ.വി, കിഴവൂർ | വാർദ്ധക്യകാല പെൻഷൻ | 103570601563 | 39400/- |
| 2 | തങ്കമണി, കരുവിളവീട്, ചെറിയേല | വാർദ്ധക്യകാല പെൻഷൻ | 103570603359 | 6700/- |
| 3 | റീത്ത സൈമൺ, ഉഷസിൽ, കമ്പിവിള | വാർദ്ധക്യകാല പെൻഷൻ | 103570602354 | 35200 |
| 4 | തങ്കമ്മ | വാർദ്ധക്യകാല പെൻഷൻ | ലഭ്യമല്ല | 31000 |
| 5 | സുശീലാമ്മ, സുശീലാമന്ദിരം, വെറ്റിലത്താഴം | വിധവാപെൻഷൻ | 103570601563 | 23400 |
| 6 | മേഴ്സി, ചെമ്മണ്ണവിള, കണ്ണനല്ലൂർ | വിധവാപെൻഷൻ | 103570603359 | 56300 |
| 7 | കോമളവല്ലിയമ്മ, അദ്വൈതം, വെറ്റിലത്താഴം | വിധവാപെൻഷൻ | 103570602354 | 36600 |
| 8 | ശോശാമ്മ | വിധവാപെൻഷൻ | ലഭ്യമല്ല | 51600 |
| | | | ആകെ | 280200 |

മേൽ 280200/- രൂപ വാർഷിക ധനകാര്യ പത്രികയിൽ Other Lliabilities, 320100999 എന്ന ഹെഡിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തുക നാളിതുവരെ ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കു വരുത്താത്തതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിൽ ക്ഷേമപെൻഷൻ ഇനത്തിൽ തിരിച്ചടച്ച 280200/- രൂപ സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിലേക്ക് ഒടുക്കുവരുത്തി വിവരം അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിനാൽ 280200/- രൂപ ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ്എൻക്വയറിനം- 12/21-22, 25.01.2022

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24-01-2023 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 21693/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ ഐ.എൽ.ജി.എം.എസ്സിൽ രസീതി നൽകി സ്വീകരിക്കുന്നു. സ്വീകരിക്കുന്ന തുകകൾ ശരിയായി അക്കൗണ്ട് ചെയ്യുന്നുണ്ട്. മാന്വൽ രസീതി മുഖേന സ്വീകരിക്കുന്ന തുകകളുടെ ഒടുക്ക് പരിശോധിച്ച് ഉറപ്പാക്കുന്നതിന് മേൽനോട്ടച്ചുമതലയുള്ളവർ കർത്തവ്യം നിർവ്വഹിക്കുന്നു. പെയ്മെന്റ് ഓർഡറുകൾ യഥാസമയം ചെയ്ത് ചെലവ് ആധികാരികമാക്കുകയും വൗച്ചറുകൾ നമ്പർ ക്രമത്തിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. കണക്കുകൾ ബന്ധപ്പെട്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പരിശോധിച്ച് അംഗീകരിക്കുന്നു. വാങ്ങലുകൾ പർച്ചേസിംഗ്/പ്രൊക്യൂയർമെന്റ് കമ്മിറ്റികളുടെ ചുമതലയിൽ നിർവ്വഹിക്കുന്നുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

ചുവടെ രേഖപ്പെടുത്തിയ വിഷയങ്ങൾ സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിയ്ക്കുന്നു.

1. ക്ഷേമപെൻഷൻ-അധികം നൽകിയ തുക തിരികെ ഈടാക്കിയത് ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തിയില്ല (ഖണ്ഡിക 1-7-1 കാണുക )

2. വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ സംബന്ധിച്ച നിരീക്ഷണങ്ങൾ (ഖണ്ഡിക 1-11,1-12,1-13 ,1-15) കാണുക )

3. കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ-ആവർത്തിച്ച് നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്. (ഖണ്ഡിക 1-16 കാണുക)

4. കേരള വാട്ടർ അതോറിറ്റിക്ക് വെള്ളക്കരമിനത്തിൽ വൻതുക ഒടുക്കു വരുത്തുന്നു (ഖണ്ഡിക 1-26 കാണുക )

5. ഒരേ ദിവസം ഒന്നിൽ കൂടുതൽ പ്രവർത്തി സ്ഥലങ്ങളിൽ അർദ്ധ /വിദഗ്ധ പ്രവൃത്തികൾ നിർവ്വഹിച്ചതായി രേഖപ്പെടുത്തി തൊഴിലാളികൾ വേതനം അനവദിച്ചു (ഖണ്ഡിക 1-31 കാണുക).

ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. വീട് പുനരുദ്ധാരണ പ്രവൃത്തിക്ക് വളരെ തുച്ഛമായ തുകമാത്രമേ ഗുണഭോക്താക്കൾക്ക് സബ്സിഡിയായി നൽകുന്നുള്ളു. ആയതിനാൽ അർഹരായ ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിക്കാതെ വരുന്ന അവസ്ഥയുണ്ടാകുന്നു. ആയതിലേക്ക് ഗ്രാമപഞ്ചായത്ത് അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു. മെയിന്റനൻസ് ഫണ്ട് (റോഡ് ) വിനിയോഗിച്ച് ടാർ റോഡ് ഇളക്കി മാറ്റി ഇന്റർലോക്ക് പ്രവൃത്തി നടത്തിയത് ഫണ്ടിന്റെ വകമാറ്റി ചെലവായതിനാൽ (പ്രോജക്ട് നം.260/2022 - തടത്തിൽ മുക്ക് വലിയവിള റോഡ് ഇന്റർലോക്ക്) ഫണ്ട് വിനിയോഗം സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങൾ കൃത്യമായി പാലിയ്ക്കുന്നതിന് ചുമതലപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്. കോവിഡ് കെയർ സെന്ററിൽ സ്ഥാപിച്ച ഇലക്ട്രിക് ഉപകരണങ്ങൾ മാറ്റി സ്ഥാപിച്ചതിന്റെ വിവരം/സ്റ്റോക്ക് വിവരം എന്നിവ ലഭ്യമല്ലായെന്ന് ഭരണ സമിതിയുടെ തുടർ നടപടികൾക്കായി ശ്രദ്ധയിൽ പെടുത്തുന്നു.

പദ്ധതി നടത്തിപ്പിൽ വർക്കിംഗ് കമ്മിറ്റികൾ മോണിറ്ററിംഗ് നടത്തുന്നില്ല.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകളുടെ സഹായത്തോടെ ആവിഷ്കരിച്ച്, ആസൂത്രണസമിതിയുടെ അംഗീകാരം നേടി ഏറ്റെടുക്കുന്ന പദ്ധതികൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറികിട്ടിയ വിവിധ സ്ഥാപനങ്ങളുടെ ഉദ്യോഗസ്ഥർ മുഖേനയാണ് നിർവ്വഹണം നടത്തുന്നത്. മേഖലാടിസ്ഥാനത്തിൽ അതാത് മേഖലയിലെ വർക്കിംഗ് ഗ്രൂപ്പാണ് പദ്ധതി നിർവ്വഹണഘട്ടത്തിലെ മോണിറ്ററിംഗ് നടത്തേണ്ടത്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ പദ്ധതികളിലൊന്നും (മരാമത്ത് ഒഴികെ) വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് നടത്തിയതിന് രേഖയില്ല.

ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ പര്യാപ്തമാക്കുന്നതിനുമായി ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം നിലനിൽക്കുന്നു എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 04/11/2022 | 7/2022 മുതൽ 9/2022 വരെ | 15-11-2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07-12-2017 | 2012-2013 മുതൽ 2016-17 വരെ | 15-02-2018 |

## 1-11 പ്രാഥമിക മേഖലയിലെ കെട്ടിടങ്ങൾക്ക് ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി നികുതി ഇളവ് നൽകുന്നു

വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകളും, അസസ്മെന്റ് രജിസ്റ്ററും, പരിശോധിച്ചതിൽ പ്രാഥമിക മേഖലയിലെ കെട്ടിടങ്ങൾക്ക് ദ്വിതീയമേഖലയിൽ ഉൾപ്പെടുത്തി 10 ശതമാനം നികുതി ഇളവ് നൽകി. 2011 ലെ കേരള പഞ്ചായത്ത്രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും) ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പ്രദേശത്തെ പ്രഥമ, ദ്വിതീയ, തൃതീയ മേഖലകളാക്കി തിരിച്ച് നികുതി നിർണ്ണയിക്കേണ്ടതും പ്രഥമിക മേഖലയിലെ കെട്ടിടങ്ങൾക്ക് നികുതിയിളവോ വർദ്ധനവോ ഇല്ലയെന്നും, ദ്വിതീയ മേഖലയിലെ കെട്ടിടങ്ങൾക്ക് 10 ശതമാനം നികുതിയിളവും, തൃതീയമേഖലയിലെ കെട്ടിടങ്ങൾക്ക് 20 ശതമാനം നികുതിയിളവും അനുവദിക്കണമെന്നുമാണ് വ്യക്തമാക്കിയിട്ടുള്ളത്. മേൽ ഉത്തരവ് പ്രകാരം പഞ്ചായത്ത് പ്രദേശത്തെ പ്രഥമ, ദ്വിതീയ, തൃതീയ മേഖലകളാക്കി തിരിച്ച് 19-12-2011 ലെ കമ്മറ്റി തീരുമാനപ്രകാരം പഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുണ്ട്. പഞ്ചായത്ത് വിജ്ഞാപനപ്രകാരം പ്രഥമിക മേഖലയിൽ ഉൾപ്പെടുന്ന സ്ഥലത്ത് നിർമ്മിച്ച കെട്ടിടങ്ങൾക്കും ദ്വിതീയ മേഖലയിലാണ് സ്ഥിതിചെയ്യുന്നതെന്ന് രേഖപ്പെടുത്തി 10 ശതമാനം നികുതിയിളവ് നൽകുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നമ്പർ | വാർഡ് നമ്പർ | കെട്ടിട നമ്പർ | ഉടമയുടെ പേര് | വിസ്തീർണ്ണം ച.മീറ്റർ | ഉപയോഗ ക്രമം | നിരക്ക് (₹) | നിർണ്ണയിച്ച അടിസ്ഥാന വസ്തുനികുതി (₹) | ദ്വിതീയമേഖല അടിസ്ഥാനത്തിൽ 10 ശതമാനം കുറച്ചതിനാൽ വസ്തുനികുതിയിൽ കുറവുണ്ടായ തുക (₹) | തൃതീയമേഖല അടിസ്ഥാനത്തിൽ 20 ശതമാനം കുറച്ചതിനാൽ വസ്തുനികുതിയിൽ കുറവുണ്ടായ തുക (₹) |
|---|---|---|---|---|---|---|---|---|---|
| 1 | 19 | 1249 | താഹാക്കുട്ടി | 50 | ഇതര വ്യവസായം | 40/- | 2000/- | 200/- | - |
| 2 | 12 | 1101 | ജയലക്ഷ്മി | 77.3 | പാർപ്പിടം | 5/- | 386/- | - | 77/- |
| 3 | 12 | 1094 | ഷാജി | 20.16 | വാണിജ്യം | 45/- | 907/- | - | 181/- |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 4 | 12 | 1102 | അബ്ദുൽ സലിം | 221.8 | പാർപ്പിടം | 5/- | 1109/- | 110/- | - |
| 5 | 12 | 1103 | അംബുജാക്ഷി യമ്മ | 181.56 | പാർപ്പിടം | 5/- | 907/- | 90/- | - |
| 6 | 15 | 1183 | ശ്രീരഞ്ജു | 184.7 | പാർപ്പിടം | 5/- | 923/- | 92/- | - |
| 7 | 15 | 1203 | മേരി ഗീത | 104 | പാർപ്പിടം | 5/- | 524/- | 52/- | - |
| 8 | 14 | 1057 | സുമംഗല | 84 | പാർപ്പിടം | 5/- | 421/- | - | 84/- |
| 9 | 14 | 1062 | ഗായത്രി | 97.02 | പാർപ്പിടം | 5/- | 485/- | 48/- | - |
| 10 | 14 | 1069 | രാജ്കുമാർ | 131.86 | പാർപ്പിടം | 5/- | 659/- | 65/- | - |
| 11 | 14 | 1072 | വിനീഷ് | 165 | പാർപ്പിടം | 5/- | 825/- | 82/- | - |
| 12 | 14 | 1075 | സുധീഷ് | 84.25 | പാർപ്പിടം | 5/- | 421/- | 42/- | - |
| 13 | 14 | 1076 | നൌഷാദ് | 107.26 | പാർപ്പിടം | 5/- | 536/- | 53/- | - |
| 14 | 14 | 1078 | നിയാസ് | 105 | പാർപ്പിടം | | 529/- | 52/- | - |
| 15 | 13 | 1218 | അംബികകുമാരി | 206 | പാർപ്പിടം | 5/- | 1030/- | - | 200/- |
| 16 | 13 | 1219 | ഷിബു | 94.41 | പാർപ്പിടം | 5/- | 472/- | - | 94/- |
| 17 | 13 | 1224 | ഷെമീന | 19.53 | വാണിജ്യം | 45/- | 878/- | 87/- | - |
| 18 | 13 | 1225 | ദിനേഷ് | 140 | പാർപ്പിടം | 5/- | 702/- | 72/- | - |
| 19 | 13 | 1228 | അജിത്ത് | 118 | പാർപ്പിടം | 5/- | 590/- | 59/- | - |
| 20 | 13 | 1236 | നിസാമുദ്ദീൻ | 102.53 | പാർപ്പിടം | 5/- | 512/- | 51/- | - |
| 21 | 13 | 1238 | സന്തോഷ് | 73.35 | പാർപ്പിടം | 5/- | 366/- | 36/- | - |
| 22 | 13 | 1239 | ശ്രീരാജ് | 144.81 | പാർപ്പിടം | 5/- | 724/- | 72/- | - |
| 23 | 22 | 1041 | വിജയൻ | 140.25 | പാർപ്പിടം | 5/- | 701/- | 70/- | - |

പ്രസ്തുത കെട്ടിടങ്ങളുടെ വസ്തുനികുതി ഓഡിറ്റ് ചൂണ്ടിക്കാട്ടിയ പ്രകാരം വസ്തുനികുതി പുനർ നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കുന്നതിന് നടപടി സ്വീകരിച്ചതായി എൻക്വയറിയ്ക്ക് മറുപടി നൽകിയിട്ടുണ്ട്. വസ്തുനികുതി പുനർ നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കിയ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ബാധ്യതയായി പരിഗണിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്.

## 1-12 കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു.

വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകളും, അസസ്മെന്റ് രജിസ്റ്ററും, സഞ്ചയസോഫ്റ്റ് വെയറും പരിശോധിച്ചതിൽ 200 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ 200 ചതുരശ്ര മീറ്ററിന് താഴെ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റ് /ഷോപ്പിംഗ് മാൾ എന്ന ഗണത്തിൽ ഉൾപ്പെടുത്തി കുറഞ്ഞ നിരക്കിൽ നികുതി നിർണയിച്ചു. ഇതുമൂലം ഗ്രാമപഞ്ചായത്തിന് നികുതി നഷ്ടം വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | വാർഡ് നമ്പർ | കെട്ടിട നമ്പർ | ഉടമയുടെ പേര് | ച.മി. | നിർണ്ണയിച്ച അടിസ്ഥാന വസ്തുനികുതി (ച.മീറ്ററിന് 50/-രൂപ നിരക്കിൽ) | നിർണ്ണയിക്കേണ്ടിയിരുന്ന അടിസ്ഥാന വസ്തുനികുതി (ച.മീറ്ററിന് 90/- രൂപ നിരക്കിൽ) | അടിസ്ഥാന വസ്തുനികുതിയിൽ കുറവുണ്ടായ തുക (ഇളവും വർദ്ധനവും ഇല്ലാതെ) |
|---|---|---|---|---|---|---|---|
| 1 | 16 | 1149 | ഫാദർ ജയ്സൺ | 224.54 | 11227/- | 20208/- | 8981/- |
| 2 | 16 | 1150 | ഫാദർ ജയ്സൺ | 224.54 | 11227/- | 20208/- | 8981/- |
| 3 | 16 | 1151 | ഫാദർ ജയ്സൺ | 224.54 | 11227/- | 20208/- | 8981/- |
| | | | | | | ആകെ | 26943/- |

വസ്തു നികുതി കുറഞ്ഞ നിരക്കിൽ നിർണ്ണയിച്ചതിന്റെ കാരണം വ്യക്തമാക്കണം എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി-8) വസ്തുനികുതി പുനർ നിർണ്ണയിക്കുമെന്ന മറുപടിയാണ് സെക്രട്ടറി ലഭ്യമാക്കിയത്. അടിസ്ഥാന വസ്തു നികുതി നിർണ്ണയത്തിലെ കുറവു മൂലം പഞ്ചായത്ത് ഫണ്ടിനുണ്ടായ പ്രതിവർഷ നഷ്ടവും നിയമാനുസൃത ഇളവുകളും വർദ്ധനവുകളും ഉൾപ്പെടുത്തി പുനർനിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം- 08/24-01-2023

## 1-13 വിസ്തീർണ്ണം കുറച്ച് വസ്തുനികുതി നിർണ്ണയിച്ചു

ഷൈൻ ജെ ബോസ്കോ & റോസമ്മ, കുന്നത്ത് പുത്തൻ വീട്, പേരയം എന്ന വ്യക്തിയുടെ കെട്ടിട നമ്പറിംഗിനുള്ള അപേക്ഷ പ്രകാരം 13/1237 കെട്ടിടനമ്പർ നൽകിയിട്ടുണ്ട്. പ്രസ്തുത ഫയൽ പരിശോധിച്ചതിൽ കംപ്ലീഷൻ പ്ലാനിൽ 199.53ച.മീറ്ററാണ് തറവിസ്തീർണ്ണം. എന്നാൽ വസ്തുനികുതി നിർണ്ണയിച്ചത് 80.28 ച.മീറ്ററിനാണ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | സഞ്ചയ പ്രകാരം വസ്തു നികുതി നിർണയിച്ച തറവിസ്തീർണ്ണം (എം സ്ക്വയർ) | നിരക്ക്@ ച.മീറ്റർ | നിർണ്ണയിച്ച അടിസ്ഥാന വസ്തു നികുതി(ഇളവും വർദ്ധനവും കൂടാതെ) | പ്ലാൻ പരിശോധിച്ചതിൽ ഭിത്തി കനം ഉൾപ്പെടെയുള്ള തറവിസ്തീർണ്ണം (എം സ്ക്വയർ) | നിരക്ക്@ ച.മീറ്റർ | അടിസ്ഥാന വസ്തു നികുതി(ഇളവും വർദ്ധനവും കൂടാതെ) | അടിസ്ഥാന വസ്തു നികുതിയിൽ ഉണ്ടായ കുറവ് (₹) |
|---|---|---|---|---|---|---|---|
| 13/1237 | 80.28 | 5 | 401.4 | 199.53 | 5 | 997.65 | 596/- |

വസ്തുനികുതി നിർണ്ണയിച്ചതിലെ മേൽ പറഞ്ഞ അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നമ്പർ 9) സെക്രട്ടറി സമർപ്പിച്ച മറുപടി പ്രകാരം വസ്തുനികുതി പുനർനിർണ്ണയിക്കുമെന്ന് അറിയിച്ചു. മേൽ പറഞ്ഞ കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകതമൂലം പ്രതിവർഷം അടിസ്ഥാന വസ്തു നികുതിയിൽ 596/-രൂപ പഞ്ചായത്ത് ഫണ്ടിന് നഷ്ടം ഉണ്ടായിട്ടുണ്ട്. അടിസ്ഥാന വസ്തുനികുതിയിന്മേൽ ചട്ട പ്രകാരമുള്ള ഇളവുകളും വർദ്ധനവുകളും ഉൾപ്പെടുത്തി വസ്തുനികുതി പുനർനിർണ്ണയിച്ച് നിയമാനുസൃത കുടിശ്ശിക ഈടാക്കി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-14 കടമുറി വാടകയിനത്തിൽ കുടിശ്ശിക

2021-22 വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വിവിധ ഷോപ്പിംഗ് കോംപ്ലക്സുകളിലെ കടമുറികൾ വാടകയ്ക്ക് എടുത്തിട്ടുള്ള വ്യക്തികൾ വാടക കൃത്യമായി ഒടുക്കു വരുത്താതെ കുടിശ്ശിക വരുത്തിയിട്ടുള്ളതായി കാണുന്നു. 2021-22 വർഷം ലഭിക്കാനുള്ള വാടക കുടിശ്ശികയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കടമുറിയുടെ നമ്പർ | വാടകക്കാരന്റെ പേര് | മാസ വാടക (₹) കുടിശ്ശിക കാലയളവ് | കുടിശ്ശിക (₹) |
|---|---|---|---|---|
| 1 | ന്യൂ സ്റ്റാൾ-5 | നിസാമുദ്ദീൻ | 1658/-<br>2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ | 19896/- |
| 2 | ന്യൂ സ്റ്റാൾ-6 | ഷെരീഫ് | 1972/-<br>2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ | 23664/- |
| 3 | ന്യൂ സ്റ്റാൾ-6 | മുഹമ്മദ് അൻസാർ | 15912/-<br>2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ | 190944/- |
| 4 | ജില്ലാപഞ്ചായത്ത്-ന്യൂ ബിൽഡിംഗ് | ഷാനിഫ | 12487/-<br>2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ | 149844/- |
| | | ആകെ | | 384348/- |

ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള വ്യക്തികളിൽ നിന്നും വാടക കുടിശ്ശിക പിഴ പലിശ സഹിതം ഈടാക്കേണ്ടതാണ്. കരാർ ലംഘനം നടത്തുന്ന വാടകക്കാരെ ഒഴിപ്പിക്കുന്നതിനും ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

## 1-15 ഉപയോഗക്രമത്തിനനുസരിച്ച് വസ്തു നികുതി നിർണയിച്ചില്ല

വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകളും, അസസ്മെന്റ് രജിസ്റ്ററും, സഞ്ചയ സോഫ്റ്റ് വെയറും പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിനുള്ള ഗോഡൌൺ കെട്ടിടങ്ങളെ ഇതരവ്യവസായം എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി കുറഞ്ഞ നിരക്കിൽ നികുതി നിർണയിച്ചു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ | കെട്ടിട നമ്പർ | ഉടമയുടെ പേര് | വിസ്തീർണ്ണം (ച.മി) | നിർണ്ണയിച്ച അടിസ്ഥാന വസ്തുനികുതി (ച.മീറ്ററിന് 40/-രൂപ നിരക്കിൽ) | നിർണ്ണയിക്കേണ്ടിയിരുന്ന അടിസ്ഥാന വസ്തുനികുതി (ച.മീറ്ററിന് 70/-രൂപ നിരക്കിൽ) | അടിസ്ഥാന വസ്തുനികുതിയിൽ കുറവുണ്ടായ തുക (₹) |
|---|---|---|---|---|---|---|
| 19 | 1252 | നെജിം. എസ് | 151.3 | 6052/- | 10591/- | 4539/- |

വസ്തു നികുതി കുറഞ്ഞ നിരക്കിൽ നിർണ്ണയിച്ചതിന്റെ കാരണം വ്യക്തമാക്കണം എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി-11/24.01.2023) വസ്തുനികുതി പുനർ നിർണ്ണയിക്കുമെന്ന മറുപടിയാണ് സെക്രട്ടറി ലഭ്യമാക്കിയത്. വസ്തു നികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

### 1-16 കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ -ആവർത്തിച്ച് നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കൊട്ടിയം സിംല ടെക്സ്റ്റൈയിൽസിൽ നിന്നും 6/21 മാസത്തിൽ സാധനങ്ങൾ വാങ്ങിയിരുന്നു. ആയതിന്റെ തുക 8/21 ൽ നൽകുകയും ചെയ്തിട്ടുണ്ട്. അതേ ബില്ലുകൾ തന്നെ ഉപയോഗിച്ച് 2/22 മാസത്തിലും തുക പിൻവലിച്ചു. ആവർത്തന ചെലവുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം. | ബിൽനം /തീയതി | തുക(രൂപ) | ചെക്ക് നം/ തീയതി |
|---|---|---|---|
| 1. | 7330/17.6.21 | 3450/- | 07852/5.8.21 |
| 2. | 1269/24.6.21 | 5000/- | |
| 3. | 8319/25.6.21 | 7763/- | |
| | ആകെ- | 16213/- | |

ഒരിക്കൽ തുക നൽകിയ ബില്ലുകൾ ഉപയോഗിച്ച് 2/22 മാസത്തിൽ 16,213/-രൂപ (ചെക്ക് നം. 258690/14.02.2022) വീണ്ടും പിൻവലിച്ച് സ്ഥാപനത്തിന് നൽകിയതിന് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ രണ്ടാമത് നൽകിയ 16,213/-രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്.

എൻക്വയറിനം-22/28.1.23
നിരാകരണം- 16,213/-രൂപ

### 1-17 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി-പഠനമുറി പൂർത്തീകരിച്ചില്ല

2021-22 സാമ്പത്തിക വർഷത്തിൽ അസി.സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി സ്പിൽഓവറായി നടപ്പിലാക്കിയ പദ്ധതിയാണ് പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി (പ്രോജക്ട് നമ്പർ.269/21-22). തനത് ഫണ്ടിനത്തിൽ 3,00,000/- രൂപ അടങ്കൽ നിശ്ചയിച്ച് നടപ്പിലാക്കിയ പദ്ധതിയ്ക്കായി 2,25,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ച ശ്രീ. മുകൾ ദീപ് എന്ന ഗുണഭോക്താവ് നാളിതുവരെ പഠനമുറി പൂർത്തീകരിച്ചിട്ടില്ല. വിവരം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേരും മേൽവിലാസവും | കരാർ തീയതി | കൈപ്പറ്റിയ ഗഡുക്കൾ | കൈപ്പറ്റാൻ അവശേഷിക്കുന്ന തുക (₹) |
|---|---|---|---|
| മുകൾദീപ്. പി. എസ്<br>രേവതി ഭവൻ, വെട്ടിലത്താഴം<br>ഡീസന്റ് ജംഗ്ഷൻ പി.ഒ | 11.11.2019 | ₹ 50,000/-,(എസ്.സി.പി) 19.12.19<br>₹ 75,000/-, (എസ്.സി.പി) 21.04.20 | 75,000/- |

മേൽ ഗുണഭോക്താവ് നാളിതുവരെ പഠനമുറി പൂർത്തീകരിച്ച് അവസാനഗഡു കൈപ്പറ്റാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിൽ ടി ഗുണഭോക്താവിനെകൊണ്ട് പണി പൂർത്തീകരിപ്പിക്കുന്നതിനായി 75,000/-രൂപ അടങ്കൽ വകയിരുത്തി പ്രോജക്ട് വച്ചിട്ടുണ്ടെന്നും ആയതിന്റെ അടിസ്ഥാനത്തിൽ മേൽ ഗുണഭോക്താവിനെകൊണ്ട് പണി പൂർത്തീകരിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും നിർവഹണ ഉദ്യോഗസ്ഥ മറുപടി നൽകിയിട്ടുണ്ട്. മേൽ ഗുണഭോക്താവിനെകൊണ്ട് പണി പൂർത്തീകരിപ്പിക്കാൻ അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ. 15/21-22, 25.01.22

### 1-18 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി-ഗുണഭോക്താവിന് വാല്യുവേഷനിൽ നിന്നും അധികമായി തുക നൽകി

2021-22 സാമ്പത്തിക വർഷത്തിൽ അസി.സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി സ്പിൽഓവറായി നടപ്പിലാക്കിയ പദ്ധതിയാണ് പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി (പ്രോജക്ട് നമ്പർ.225/21-22). ആയത് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി (225/21-22) |
|---|---|
| അടങ്കൽ | ₹ 450000/- |
| ചെലവ് | ₹ 445000/-<br>6/21-22,13.10.21- ₹ 75,000/-<br>5/21-22,13.08.21- ₹ 150000/-<br>9/21-22,01.11.21- ₹ 145000/-<br>26/21-22,11.03.22- ₹ 75000/- |

ഈ പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ച ശ്രീമതി. അസീന.എ, വിളയിൽ പുത്തൻവീട്, ചെറുകോണം, കണ്ണനല്ലൂർ എന്ന ഗുണഭോക്താവിന് നാളിതുവരെ നൽകിയ ഗഡുക്കൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| ഗഡുക്കൾ | തുക (₹) | ബിൽ നമ്പർ |
|---|---|---|

| | | |
|---|---|---|
| ഒന്നാം ഗഡു | 50,000/- | 33/20-21, 27.01.21 |
| രണ്ടാം ഗഡു | 75,000/- | 41/20-21, 31.03.21 |
| മൂന്നാം ഗഡു | 75,000/- | 26/21-22, 11.03.22 |

എന്നാൽ 05.03.22 ൽ ഗ്രാമപഞ്ചായത്ത് ഓവർസിയർ നൽകിയ വാല്യുവേഷൻ സർട്ടിഫിക്കേറ്റിൽ പഠനമുറി പൂർത്തീകരിച്ചിട്ടുണ്ടെന്നും, ടി പഠനമുറിയുടെ വാല്യുവേഷൻ 1,76,521/- രൂപയാണെന്നും പറഞ്ഞിട്ടുണ്ട്. ആയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിൽ വാല്യുവേഷനിൽ നിന്നും അധികമായി ചെലവഴിച്ച 23,479/-രൂപ ഗുണഭോക്താവിൽ നിന്ന് തിരിച്ചടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അസി.സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ വാല്യുവേഷനിൽ നിന്നും അധികമായി ഗുണഭോക്താവിന് നൽകിയ 23,479/-രൂപ (200000-176521) ബന്ധപ്പെട്ട ഗുണഭോക്താവിൽ നിന്നും ഈടാക്കി ഒടുക്കുവരുത്താത്ത പക്ഷം നിർവഹണ ഉദ്യോഗസ്ഥയുടെ ബാധ്യതയായി മാറ്റുന്നതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ. 15/21-22, 25.01.22

നിരാകരണം- 23,479/-രൂപ

## 1-19 ബഡ്സ് സ്ഥാപനങ്ങൾ-അടിസ്ഥാന സൗകര്യവികസനത്തിനുള്ള തുക വിനിയോഗിച്ചില്ല

കുടുംബശ്രീയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും സംയോജിച്ച്, ബുദ്ധിപരമായി വെല്ലുവിളി നേരിടുന്നവർക്ക് മാനസിക വികാസം സാധ്യമാക്കുന്നതിനും തുടർ പരിശീലനവും കരുതലും ഉറപ്പ് വരുത്തുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച ബഡ്സ് സ്കൂളുകളിലൂടെ പരിശീലനാർത്ഥികൾക്ക് അവരുടെ വിദ്യാഭ്യാസം, ദൈനംദിന ജീവിതം, പുനരധിവാസം, തൊഴിൽ പരിശീലനം എന്നിവയ്ക്ക് ആവശ്യമായ പിന്തുണ നൽകുന്നതിനായി ബഡ്സ് സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുതിനായി കുടുംബശ്രീയുടെ 16.02.2021 ലെ 392/L/2008/KSHO സർക്കുലർ പ്രകാരം ഗ്രാമ പഞ്ചായത്തിന് 2,00,000/-രൂപ അനുവദിച്ചു. മേൽ സർക്കുലറിലെ മാർഗനിർദ്ദേശങ്ങൾ അനുസരിച്ച് താഴെപ്പറയുന്ന കാര്യങ്ങൾക്കു തുക വിനിയോഗിക്കാവുന്നതാണ്.

1. സ്മാർട് ക്ലാസ് റൂമുകൾ ഒരുക്കുന്നതിന് മുൻഗണന നൽകേണ്ടതും സ്മാർട്ട് ക്ലാസ്റൂം ഒരുക്കിയതിന് ശേഷം ബാക്കിവരുന്ന തുക തെറാപ്യൂട്ടിക് ഉപകരണങ്ങൾ, ഫർണ്ണിച്ചർ, സ്ഥാപനത്തിലെ വിദ്യാർത്ഥികൾക്കാവശ്യമായ വിനോദ ഉപാധികൾ വാങ്ങുന്നതിന്, സുരക്ഷാ സംവിധാനങ്ങൾ ഒരുക്കുന്നതിന് എന്നിവയ്ക്കായി ഉപയോഗിക്കാവുന്നതാണ്.

2. നിലവിൽ സ്മാർട് ക്ലാസ് റൂമുകൾ ഉള്ള സ്ഥാപനം ആണെങ്കിൽ, സാമൂഹ്യവികസനം എ.ഡി.എം.സി. യുടെയും, ജില്ലാ പ്രോഗ്രാം മാനേജരുടേയും നേതൃത്വത്തിൽ സ്ഥാപനങ്ങളുടെ ആവശ്യങ്ങൾ നേരിട്ട് മനസ്സിലാക്കി മുകളിൽ പറഞ്ഞിരിക്കുന്നവയിൽ ഏറ്റവും അത്യാവശ്യമായ അടിസ്ഥാന സൗകര്യവികസനത്തിനായി തുക ചെലവഴിക്കുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകേണ്ടതാണ്.

തൃക്കോവിൽവട്ടം ഗ്രാമ പഞ്ചായത്തിന് അനുവദിച്ച 2,00,000/-രൂപ ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടായ എസ്.ബി.ഐ ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ.6881) നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ ബഡ്സ് സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി പ്രസ്തുത തുക ചെലവഴിച്ചില്ല. എന്നാൽ പല പഞ്ചായത്തുകളും ഭാഗികമായും പൂർണ്ണമായും തുക വിനിയാഗിച്ചിട്ടില്ല എന്നുള്ളത് ജില്ലാമിഷന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടെന്നും, ടി തുക തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്ന് പലിശ ഉൾപ്പടെ തിരിച്ചു വാങ്ങേണ്ട സാഹചര്യമാണ് നിലവിലുള്ളതെന്നും, ആയതിനാൽ ടി വിഷയത്തിൽ അടിയന്തിര നടപടി കൈക്കൊണ്ട് തുക ചെലവഴിച്ച് ജനുവരിമാസം വിനിയോഗ സാക്ഷ്യപത്രം ജില്ലാമിഷനിൽ സമർപ്പിക്കേണ്ടതാണെന്ന് 05.12.22 ലെ 1350/K2/22/KSKLM കത്ത് പ്രകാരം കുടുംബശ്രീ ജില്ലാ മിഷൻ അറിയിച്ചിട്ടുണ്ട്.

ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിൽ ബഡ്സ് സ്കൂൾ കെട്ടിട നിർമ്മാണം നടന്നു വരികയാണെന്നും പ്രോജക്ട് ഭേദഗതിയിൽ ഉൾപ്പെടുത്തി തുക വിനിയോഗിക്കുന്നതാണെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ, കുടുംബശ്രീ ജില്ലാ മിഷനിൽ നിന്നും ലഭിച്ച തുക ചെലവഴിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ അടിയന്തിര നടപടി ഉണ്ടാകേണ്ടതാണ്.

ഓഡിറ്റ്എൻക്വയറിനം- 7/21-22,24.01.2022

## 1-20 തലച്ചിറ ബണ്ട് നവീകരണം - ഭക്ഷണചെലവിനത്തിൽ തുക ചെലവഴിച്ചത് രേഖകളുടെ അഭാവത്തിൽ തടസ്സപ്പെടുത്തുന്നു

ഗ്രാമപഞ്ചായത്തിലെ ചേരിക്കോണം വാർഡിൽ നടപ്പിലാക്കിയ തലച്ചിറ ബണ്ട് നവീകരണവുമായി ബന്ധപ്പെട്ട് 27.12.21, 28.12.21 എന്നീ തീയതികളിൽ നടന്ന പ്രവൃത്തിയിൽ എൻ.എസ്.എസ്. വോളണ്ടിയേഴ്സിനെ ഉപയോഗിച്ച് പ്രവൃത്തി ചെയ്തതിന് താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചു.

| ഇനം | തുക(രൂപ) | ചെക്ക് നം. |
|---|---|---|
| ടാർപ്പോളിൻ ഷീറ്റ് | 4350/- | 7968/21.1.22 |
| ഭക്ഷണചെലവ് ( 27.12.21) | 4950/- | 7968/21.1.22 |
| ഭക്ഷണചെലവ് (28.12.21) | 4950/- | 7971/27.1.22 |
| ആകെ- | 14250/- | |

ഭക്ഷണചെലവിന് എസ്.ആർ പാക്സ് &കാറ്ററിംഗ് ,പേരയം എന്ന സ്ഥാപനത്തിന്റെ 3.1.21 തീയതിയിലെ ബില്ലാണ് (ബിൽ നം-469,470) പരിശോധനയ്ക്ക് ലഭ്യമാക്കിയത്. തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെട്ട മേൽ പ്രവൃത്തിക്ക് ഭക്ഷണച്ചെലവിനത്തിൽ തുക ചെലവഴിച്ചതിനും, തുകയുടെ പേയ്മെന്റ് വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനും നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ടി ദിവസങ്ങളിൽ ഭക്ഷണചെലവ് നൽകിയിട്ടുണ്ടെന്നും, കടയുടമ ബില്ല് തയ്യാറാക്കിയപ്പോൾ അബദ്ധത്തിൽ തീയതി തെറ്റായി രേഖപ്പെടുത്തിയതാണ് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. എൻ.എസ്.എസ്. വോളണ്ടിയേഴ്സിന്റെ പ്രവൃത്തിയിലുള്ള പങ്കാളിത്ത വിവരം തെളിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ആയതിനാൽ തലച്ചിറ ബണ്ട് നവീകരണ പദ്ധതി നടത്തിപ്പിൽ ഭക്ഷണചെലവിന് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും നൽകിയ 9900/-രൂപയുടെ ചെലവ് അസാധാരണചെലവിനത്തിൽപ്പെട്ടതാണെങ്കിൽ ആയതുമായി ബന്ധപ്പെട്ട കമ്മിറ്റി തീരുമാനവും അനുബന്ധരേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ 9900/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

എൻക്വയറിനം-20/28.1.23
നിരാകരണം - 9900/-രൂപ

## 1-21 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല.

ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ – മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതി പ്രകാരം തുക മുൻകൂറായി നൽകിയിട്ടുണ്ട്. ഹോംകോ-യിൽ നിന്നും മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം.<br>ഫണ്ടിനം. | ഹോംകോയ്ക്ക് നൽകിയ തുക(രൂപ) | ആകെ ലഭിച്ച മരുന്നുകൾ | ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകൾ |
|---|---|---|---|
| 44/2021-22 വയോജനങ്ങൾക്ക് മരുന്ന് വാങ്ങൽ<br>ആകെ അടങ്കൽ ₹3,00,000/-<br>വികസന ഫണ്ട് – ജനറൽ | 3,00,000/-<br>ബിൽ.നം-2/09.11.2021 | 140671/-<br>ഇൻവോയ്സ് നമ്പർ Lf-197/20-06-2022 | 159329/- |
| 43/2021-22 – മരുന്ന് വാങ്ങൽ<br>മെയിൻറ്റനൻസ് ഫണ്ട് നോൺ റോഡ് | 3,00,000/-<br>ബിൽ.നം-1/03.11.2021 | 146170<br>ഇൻവോയ്സ് നമ്പർ Lf-649/02-09-2022 | 153830/- |
| | | ആകെ | 313159/- |

ലഭ്യമാകാൻ അവശേഷിക്കുന്ന മരുന്നിന്റെ ചെലവായ 313159/-രൂപ തടസ്സപ്പെടുത്തുന്നു. ടി അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി 1/21-01-2023) മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഹോംകോയിൽ നിന്നും അറിയിപ്പ് ലഭിച്ചിട്ടുണ്ടെന്നും ആയത് ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റിലറിയിക്കുന്നതാണെന്നും മറുപടി നൽകി.മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് ആയത് സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി 313159/-രൂപയുടെ ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്. ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.
തടസ്സപ്പെടുത്തുന്ന തുക – 313159/-രൂപ

## 1-22 കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 69 ക്ഷീരകർഷകരെ ഗുണഭോക്താക്കളാക്കി വെറ്റിനറി സർജൻ നടപ്പിലാക്കിയ കന്നുകുട്ടി പരിപാലന പദ്ധതികൾക്കായി (പ്രോജക്ട് നമ്പർ.99/21-22) കൊല്ലം കാഫ് ഫീഡ് സബ്സിഡി സ്കീം അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൗണ്ടിലേയ്ക്ക് വികസനഫണ്ടിൽ (പൊതുവിഭാഗം) നിന്നും താഴെ പറയും പ്രകാരം തുക നല്കിയിട്ടുണ്ട്.

| പ്രോജക്ട് നമ്പർ | അടങ്കൽ (₹) | ചെലവ് (₹) | ബിൽ നമ്പർ |
|---|---|---|---|
| 9/21-22 | ₹431250/- (വികസനഫണ്ട്)<br>₹431250/- (സംസ്ഥാനാവിഷ്കൃതം)<br>₹862500/- (മറ്റുള്ളവ) | 4,31,250/-(വികസനഫണ്ട്) | 7/21-22; 15.02.2022 |
| | | ആകെ-4,31,250/- | |

ആറു മാസത്തിൽ താഴെ പ്രായമുള്ള കന്നുകുട്ടികളെ ഇൻഷ്വർ ചെയ്ത് അവയുടെ പ്രസവം വരെയോ, 6,250/-രൂപ സബ്സിഡി അവസാനിക്കുന്നതു വരെയോ തീറ്റ ലഭ്യമാക്കാനാണ് പദ്ധതി രൂപീകരിച്ച് തുക ഒടുക്കവരുത്തിയിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചെറിയേല, തൃക്കോവിൽവട്ടം, കണ്ണനല്ലൂർ എന്നീ ക്ഷീരസംഘങ്ങളെ ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കാലിത്തീറ്റ വിതരണം ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയതിൽ 25.01.2023 വരെ 215355/- രൂപ വിനിയോഗിച്ചതായും 215895/-രൂപ ശേഷിക്കുന്നതായും വെറ്റിനറി സർജൻ

മുഖേന കാഫ് ഫീഡ് സബ്സിഡി സ്കീം അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. പദ്ധതി പൂർത്തിയാക്കി 215895/-രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാണ്ടതാണ്. പദ്ധതി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതു വരെ ഈ പദ്ധതിയ്ക്കായി ചെലവഴിക്കാൻ ബാക്കിയുള്ള 215895/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

എൻക്വയറി നം -13/25.01.2023

തടസം - 2,15,895/-രൂപ

### 1-23 കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും 27,857/-രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. നിർവ്വഹണം നടത്തിയ പ്രോജക്ടിൽ മരുന്നുകൾ വാങ്ങുന്നതിനായി K.M.S.C.L-ൽ അടവാക്കിയ 27,857/-രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./ഫണ്ടിനം. | K.M.S.C.L-ന് നൽകിയ തുക(രൂപ) | ബില്ല് നം/തീയതി | കെ.എം.എസ്.സി.എൽ. പ്രൊഫോർമ നം./തീയതി | ലഭിച്ച മരുന്നുകളുടെ വില(രൂപ) | ലഭിയ്ക്കുവാൻ അവശേഷിക്കുന്ന മരുന്നുകളുടെ വില(രൂപ) |
|---|---|---|---|---|---|
| 38/22-<br>പി. എച്ച്. സി. യ്ക്ക് മരുന്ന് വാങ്ങൽ-മെയിൻറ്റനൻസ് ഫണ്ട്-(റോഡ് ഇതരം ) | 3,16,477<br>3,10,000 | ബിൽ നം.38/31.03.2022 | PRF 6125/23.02.2022<br>PRF 6487/04.03.2022 | 3,09,243<br>2,89,377 | 7,234/-രൂപ<br>20,623 |
| | | | | ആകെ തുക | 27,857/-രൂപ |

മരുന്നുകൾ ലഭ്യമാക്കുന്നതിന് കെ.എം.എസ്.സി.എൽ. അധികാരികളുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ച വരുന്നുവെന്നാണ് ചുമതലപ്പെട്ടവർ അറിയിച്ചിട്ടുള്ളത്. ലഭിക്കുവാൻ അവശേഷിക്കുന്ന മരുന്നുകളുടെ വിലയായ 27,857/-രൂപ തടസ്സപ്പെടുത്തുന്നു.

മരുന്നുകൾ ലഭ്യമാക്കി രേഖകളും സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.17/ 27.01.2023

ഓഡിറ്റ് തടസ്സം – 27,857/-രൂപ

### 1-24 വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കാത്താതിനാൽ 368844/-രൂപ തടസ്സപ്പെടുത്തുന്നു.

2021-22 വർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതിയുടെ വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമനം. | പ്രോജക്ട് നം പേര് | തുകകൈപ്പറ്റിയ സ്ഥാപനം | തുക (രൂപ) | ബിൽ നം ചെക്ക് നം |
|---|---|---|---|---|
| 1 | ഐ.കെ.എം.വിഹിതം നൽകൽ | ഐ.കെ.എം. | 154358/- | 10/18.11.21 |
| 2 | പോസ്റ്റ് ഷിഫ്റ്റിംഗ് (146/22) | കെ.എസ്ഇ.ബി. അയത്തിൽ, കണ്ണനല്ലൂർ, കൊട്ടിയം,കിളികൊല്ലൂർ. | 70957/-<br>40252/-<br>26525/-<br>76752/- | 07930/17.11.21<br>25867/10.1.22<br>8346/16.3.22<br>258706/25.3.22 |
| | | ആകെ- | 368844/- | |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മേൽ സൂചിപ്പിച്ച പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നതുവരെ 368844/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

എൻക്വയറിനം-5/24.1.23

തടസ്സം - 368844/-രൂപ

### 1-25 ഭവന പുനരുദ്ധാരണ പ്രവൃത്തി പൂർത്തീകരിച്ചില്ല.

2021-2022 സാമ്പത്തിക വർഷം വി.ഇ.ഒ (സർക്കിൾ-2) നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഭവന പുനരുദ്ധാരണ പ്രവൃത്തി പൂർത്തീകരിക്കാതെ അവശേഷിക്കുന്നു. ആയത് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് | വീട് പുനരുദ്ധാരണം(ജനറൽ) – നമ്പർ-17/21-22 |

| | |
|---|---|
| അടങ്കൽ | ₹4600000/- (1000000വികസന ഫണ്ട് ജനറൽ +3600000/- തനത് ഫണ്ട്) |
| ചെലവ് | ₹3410603/- (1000000വികസന ഫണ്ട്- ജനറൽ+ 2410603/-തനത് ഫണ്ട്) |

ഭവന പുനരുദ്ധാരണ പ്രവർത്തികൾക്കായി ഒരു ഗുണഭോക്താവിന് 40,000/- രൂപ വച്ച് 115 ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിക്കാനാണ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയത്. തൻ വർഷം ആദ്യഗഡുവായി 20,000/-രൂപ കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താവ് നാളിതുവരെ പണി പൂർത്തിയാക്കിയിട്ടില്ല. വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേരും വിലാസവും | കൈപ്പറ്റിയ തുക | ബിൽ നമ്പർ, തീയതി |
|---|---|---|---|
| 1 | സുധീഷ്, ശങ്കരവിലാസം, ആല്ലംമൂട് | 20,000/- | 13/12.1.22 |
| 2 | റാഹില, വിളയിൽ പുത്തൻവീട്, ഉമയനല്ലൂർ | 20,000/- | 8349/22.3.22 |

മേൽ ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിക്കാത്തതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിൽ ഗുണഭോക്താക്കളുടെ സാമ്പത്തിക ബുദ്ധിമുട്ട് മൂലം പുനരുദ്ധാരണ പ്രവൃത്തി നടത്താൻ കഴിഞ്ഞിട്ടില്ലെന്നും,ടി വാർഡുകളിലെ ജനപ്രതിനിധിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്ന മറുപടിയാണ് ലഭ്യമാക്കിയത്. ഭവന പുനരുദ്ധാരണ പ്രവർത്തി ആരംഭിച്ചിട്ടില്ലാത്തതിനാൽ ടി ഗുണഭോക്താക്കൾക്ക് നൽകിയ 40000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പണി പൂർത്തീകരിപ്പിച്ച് പൂർത്തീകരണരേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്

എൻക്വയറിനമ്പർ.9 /17.12.22

തടസ്സം – 40000/-രൂപ

## 1-26 കേരള വാട്ടർ അതോറിറ്റിക്ക് വെള്ളക്കരമിനത്തിൽ വൻതുക ഒടുക്കു വരുത്തുന്നു

തൃക്കോവിൽവട്ടം ഗ്രാമ പഞ്ചായത്തിൽ 396 എണ്ണം ടാപ്പുകൾക്കായി പ്രതിമാസം 181929/- (5512.5*396) രൂപ വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്യുകയും ടി തുക ഒടുക്കു വരുത്തുകയും ചെയ്യുന്നു.എങ്കിലും കുടിശ്ശിക, ഫൈൻ എന്നിവയിനത്തിൽ വൻതുക ഗ്രാമ പഞ്ചായത്തിന്റെ ബാദ്ധ്യതയായി നിലനിൽക്കുന്നു. കേരള വാട്ടർ അതോറിറ്റിയുടെ 15.3.22 തീയതിയിലെ 61594-ാം നമ്പർ ഇൻവോയ്സ് പ്രകാരം 28.2.22 തീയതി വരെയുള്ള വാട്ടർ ചാർജ്ജിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കുടിശ്ശിക (₹) | ഡിമാന്റ് (₹) | ഫൈൻ (₹) | ആകെ (₹) |
|---|---|---|---|
| 200857/- | 181929/- | 3940/- | 386726/- |

ഗ്രാമ പഞ്ചായത്തിൽ പ്രവർത്തനക്ഷമതയുള്ള ടാപ്പുകളുടെ എണ്ണം രേഖപ്പെടുത്തിയ രേഖകൾ സൂക്ഷിക്കുന്നില്ല. വാട്ടർ അതോറിറ്റിയുമായി ചേർന്നുള്ള സംയുക്ത പരിശോധന നാളിതുവരെ നടത്തിയിട്ടില്ല.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.ആയതിനാൽ ഒരോ വാർഡുകളിലെ പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തി പ്രവർത്തന രഹിതമായ കണക്ഷനുകൾ ഒഴിവാക്കി പഞ്ചായത്തിലെ വെള്ളക്കര കുടിശ്ശികയുൾപ്പെടെയുള്ള ഭീമമായ ചെലവ് ഒഴിവാക്കാൻ വേണ്ട സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.
ഓഡിറ്റ് എൻക്വയറി നം. – 3/24.01.2023

## 1-27 ലൈഫ് ഭവനപദ്ധതി-ആദ്യഗഡു കൈപ്പറ്റിയെങ്കിലും വീടുപണി ആരംഭിച്ചിട്ടില്ല.

1) ലൈഫ് ഭവനപദ്ധതി (ജനറൽ)

പ്രോജക്റ്റ് നം-S0015/22

അടങ്കൽതുക-₹5,68,00,000/- (വികസനഫണ്ട്(ജനറൽ)-₹80,00,000/-, സംസ്ഥാനാവിഷ്കൃത ഫണ്ട്- ₹1,42,00,000/-, ബ്ലോക്ക് വിഹിതം-₹75,00,000/-, ജില്ലാവിഹിതം-₹75,00,000/-, ഹഡ്കോ ലോൺ – ₹1,96,00,000/- )

ചെലവ്- ₹2,00,30,000/-(വികസനഫണ്ട് (ജനറൽ)-₹75,70,000, ബ്ലോക്ക് വിഹിതം-₹25,00,000/-, ജില്ലാവിഹിതം-₹30,00,000/- ഹഡ്കോ ലോൺ -₹69,60,000/-)

നിർവ്വഹണം-വി.ഇ.ഒ (സർക്കിൾ-1)

2020-21 വർഷത്തിൽ കരാറിൽ ഏർപ്പെട്ട് ആദ്യഗഡു കൈപ്പറ്റിയിട്ട് വീടുപണി നാളിതുവരെ ആരംഭിക്കാത്ത ഗുണഭോക്താവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേരുവിവരം | കൈപ്പറ്റിയതുക (₹) | ബിൽ നം- തീയതി |
|---|---|---|
| ശ്രീമതി.ലതിക കുമാരി, സരിതഭവനം(വാർഡ്-6) | 40000/- | 258691/13.2.22 |
| ശ്രീമതി.ബിന്ദു, ശോഭനമന്ദിരം (വാർഡ്-6) | 40000/- | 4/4.8.21 |
| ശ്രീമതി.ഗീതാകുമാരി, വിളവീട്ടിൽ താഴതിൽ (വാർഡ്-6) | 40000/- | 4/4.8.21 |
| ശ്രീമതി. ലതിക, തൊടിയിൽ പുത്തൻ വീട്. (വാർഡ്-6) | 40000/- | 4/4.8.21 |
| ശ്രീ.രതീഷ്, ഉണിച്ചിലഴികത്ത് വീട് (വാർഡ്-6) | 40000/- | 4/4.8.21 |

മേൽ ഗുണഭോക്താക്കൾക്ക് നൽകിയ 200000/-രൂപ ഭവനനിർമ്മാണ പദ്ധതി ആരംഭിച്ചിട്ടില്ലാത്തതിനാൽ തടസ്സപ്പെടുത്തുന്നു. ആദ്യഗഡു കൈപ്പറ്റിയിട്ട് വീടുപണി ആരംഭിക്കാത്തതിന് രേഖാമൂലം വിശദീകരണവും, പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നാളിതു വരെ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച തുടർ നടപടി വിവരവും പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ്

എൻക്വയറിക്ക് ഗുണഭോക്താക്കളെ നിരവധി തവണ നേരിട്ട് കാണുകയും, കത്ത് അയക്കുകയും, ജനപ്രതിനിധികളുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിട്ടുണ്ടെന്ന മറുപടിയാണ് ലഭ്യമാക്കിയത്. എത്രയും വേഗം വീട്പണി പൂർത്തികരിക്കാൻ ആവശ്യമായ നടപടി സ്വീകരിച്ച് പൂർത്തീകരണ രേഖകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കാത്തപക്ഷം പിഴപ്പലിശ ഉൾപ്പടെ നൽകിയ തുക ഈടാക്കേണ്ടതുമാണ്.

എൻക്വയറി നം-6/24.1.23

ഓഡിറ്റ് തടസ്സം - 2,00,000/-രൂപ

## 1-28 ദേശീയ തൊഴിലുറപ്പ് പദ്ധതി-അവലോകനം

2021-2022 സാമ്പത്തിക വർഷത്തിൽ 1361 കുടുംബങ്ങൾക്കായി തൊഴിൽ നൽകിയ ആകെ മനുഷ്യദിനങ്ങൾ 1,00,072 ആണ്. ഇതിൽ 100 ദിനങ്ങൾ പൂർത്തിയാക്കിയ 732 കുടുംബങ്ങൾ ഉൾപ്പെടുന്നു. ആകെ 3,23,02,408 /- രൂപയുടെ ചെലവ്, ഭൂവികസനം, ലൈഫ് ഭവന നിർമ്മാണം ,ജല സംരക്ഷണ പ്രവൃത്തികൾ, വ്യക്തിഗത ആസ്തികളുടെ നിർമ്മാണം എന്നിവയ്ക്കായാണ് മുഖ്യമായും വിനിയോഗിച്ചത്.

1. വസ്തുക്കളുടെ (കരം രസീത് പ്രകാരം) ആകെ വിസ്തൃതിയിൽ നിന്നും പ്രവൃത്തി നടത്തിയ വിസ്തൃതിയുടെ വിശദാംശങ്ങൾ സൂക്ഷിക്കുന്നില്ല
2. നടത്തിയ പ്രവൃത്തികളുടെ വിവരം ഇനം തിരിച്ച് ഭൂവുടമസ്ഥർ/ ബന്ധപ്പെട്ട മേറ്റുമാർ സാക്ഷ്യപ്പെടുത്തുന്നില്ല.
3. പ്രവൃത്തികളുടെ അന്തിമ മൂല്യനിർണ്ണയത്തിന് അടിസ്ഥാനമാക്കിയ അളവുകൾ തെളിയിക്കുന്ന രേഖകൾ ഇല്ല.
4. ലൈഫ് ഭവനം ,കിണർ , തൊഴുത്ത് നിർമ്മാണം ,ആട്ടിൻക്കൂട് നിർമ്മാണം എന്നീ മെറ്റീരിയൽ പ്രവൃത്തികളുമായി ബന്ധപ്പെട്ട എല്ലാ പ്രോജക്ട് ഫയലുകളിലും തൊഴിലുറപ്പ് തൊഴിലാളികളുടെ പങ്കാളിത്തം ഉറപ്പാക്കുന്ന ഫോട്ടോകൾ പരിമിതമാണ്. മേറ്റുമാരുടെ സാക്ഷ്യപ്പെടുത്തലുകൾ ഇല്ല, മോണിറ്ററിംഗ് റിപ്പോർട്ട് ഇല്ല.
5. സൈറ്റ് ഡയറിയിലെ രേഖപ്പെടുത്തൽ പരിമിതമായതിനാൽ, പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിന് പര്യാപ്തമല്ല.
6. പ്രവൃത്തിയുടെ ഫോട്ടോകൾ കൃത്യമായി ഫയലിൽ ഉൾപ്പെടുത്താത്തതിനാൽ, പ്രോജക്ട് യോഗങ്ങൾ നടത്തിയതിന്റെയും, പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുന്നതിനും സാധിക്കുന്നില്ല.
7. ഡീസന്റ് ജം. പടിഞ്ഞാറെ ഭാഗം നടപ്പാത നിർമ്മാണം, ലൈബ്രറി കിഴക്ക് വില്ല നടപ്പാത നിർമ്മാണം എന്നീ പ്രവൃത്തികളുടെ മസ്റ്റർ റോൾ പരിശോധിച്ചതിൽ സ്കിൽഡ്/സെമിസ്കിൽഡ് വേതനം കൈപ്പറ്റിയ തൊഴിലാളികൾ ഒരേ ദിവസം (16.03.2022) രണ്ട് പ്രവൃത്തിയിലും ഏർപ്പെട്ടതായി ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. അനർഹമായി അനുവദിച്ച തുക 7,060/- രൂപയാണ്. (വിശദാംശങ്ങൾ ഖണ്ഡിക 1- 31 ആയി ചേർത്തിട്ടുണ്ട് ).
8. ഹാജരാക്കിയ രേഖകളിൽ ബ്ലാങ്ക് മസ്റ്റർ റോളുകൾ ഉൾപ്പെടുന്നു.ആയത് ക്യാൻസൽ ചെയ്തതിന് കാരണം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
9. നിർമ്മാണ പ്രവൃത്തികൾക്കുള്ള സാധന സാമഗ്രികളുടെ വാങ്ങലും സംഭരണവും വിനിയോഗവും സംബന്ധിച്ച് 31.03.2012 -ലെ സർക്കാർ ഉത്തരവ് (കൈ) 93/2012/ത.സ്വ.ഭ.വ. ഉത്തരവിലെ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിയ്ക്കുന്നില്ല. കരാറുകാരുടെ എഗ്രിമെന്റ് ക്രമപ്രകാരമുള്ളതല്ല. (പൊതുമരാമത്ത് വിഭാഗവുമായി ബന്ധപ്പെട്ട് നിർമ്മാണ കരാറുകളിലെ നിബന്ധനകൾ രേഖപ്പെടുത്തിയിരിക്കുന്നു). ഫയലുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള കരാറുകാരുടെ ബില്ലുകൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ ഉള്ളവ അല്ല. മെറ്റീരിയൽ ബില്ലുകളിൽ പാസാക്കിയ തുകയുടെ വിവരം എഴുതി സാക്ഷ്യപ്പെടുത്തുന്നില്ല. കരാറുകാർക്ക് നൽകുന്ന തുകയിൽ നിന്നും ഇൻകം ടാക്സ് പിടിക്കുന്നില്ല. (മൂന്ന് നിർമ്മാണ പ്രവൃത്തികൾക്ക് മെറ്റീരിയൽ സപ്ലൈ ചെയ്ത കരാറുകാരൻ ശ്രീ. ഷഫീക്ക് എ. യിൽ നിന്നും 8,219/-രൂപ ഈടാക്കിയിട്ടില്ല).
10. പ്രവൃത്തി നടത്തിയ സൈറ്റുകളിൽ ബോർഡുകൾ സ്ഥാപിച്ചിട്ടില്ല.
11. കനാൽ റിനോവേഷൻ പ്രവൃത്തികളിൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ വൃക്ഷ തൈ നടീൽ പ്രവൃത്തികൾ നടപ്പിലാക്കുന്നില്ല.
12. തലച്ചിറ ബണ്ട് നവീകരണ പ്രവൃത്തികൾ (എസ്റ്റിമേറ്റ് തുക- 76,19 ലക്ഷം ) സമയ ബന്ധിതമായി പൂർത്തിയാക്കിയിട്ടില്ല. 2020-2021 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച് നാളിതുവരെ 14.28 ലക്ഷം രൂപയുടെ പ്രവൃത്തികൾ മാത്രമാണ് പൂർത്തിയാക്കിയിട്ടുള്ളത്.

മേൽ വിഷയങ്ങളുമായി ബന്ധപ്പെട്ട് വിശദീകരണം തേടി നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതാണെന്ന മറുപടിയാണ് ലഭിച്ചത്.

ഓഡിറ്റ് എൻക്വയറി നം - 21/28.01.2023

## 1-29 ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് പാലിയ്ക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ ആസ്തികളുടെ പരിപാലനത്തിനും സംരക്ഷണത്തിനും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത് ആസ്തി രജിസ്റ്ററിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്.ഡബിൾ എൻട്രി അക്കൌണ്ടിംഗ് സമ്പ്രദായത്തിന്റെ കൃത്യതയ്ക്ക് ആസ്തികളുടെ പൂർണ്ണമായ വിവരം ആവശ്യമാണ്. ആസ്തികളുടെ സംരക്ഷണത്തിന് ഫണ്ട് അനുവദിക്കുന്നതും ആസ്തി രജിസ്റ്ററിലെ വിവരങ്ങളെ ആധാരമാക്കി നിശ്ചയിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്.ഈ കാരണങ്ങളാൽ ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ കുറ്റമറ്റതും പൂർണ്ണവുമാക്കി കാലകാലങ്ങളിലെ മാറ്റങ്ങളും കൂടി ഉൾപ്പെടുത്തി സൂക്ഷിക്കേണ്ടതായുണ്ട്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്.

ആസ്തി രജിസ്റ്ററിൽ മാറ്റങ്ങൾ/കൂട്ടിചേർക്കലുകൾ വരുത്തി കുറ്റമറ്റതാക്കി പരിഷ്കരിക്കേണ്ട ചുമതല തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക്ക് സമർപ്പിക്കുകയും ,അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്.

മേൽ നിർദ്ദേശങ്ങൾ സർക്കാർ സർക്കുലറിൽ(തദ്ദേശ സ്വയം ഭരണ (ഡി.ബി.) വകുപ്പ്- 13.01.2010ലെ 58608/ഡി.ബി2/09 ) നിഷ്കർഷിച്ചിട്ടുള്ളതാണ്.

ഗ്രാമപഞ്ചായത്തിൽ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കിയോ, കൃത്യമായ രേഖപ്പെടുത്തലുകളോ വരുത്തി സെക്രട്ടറിയും എൽ.എസ്.ജി.ഡി എൻജിനീയറും സാക്ഷ്യപ്പെടുത്തുന്നില്ല.

മരാമത്ത് പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഫയലുകളിൽ പ്രോജക്ട് രൂപീകരണ ഫാറത്തിൽ (ഫാറം -2) സവിശേഷ തിരിച്ചറിയൽ നമ്പർ കൃത്യമായി രേഖപ്പെടുത്തുന്നില്ല.

പരിശോധിച്ച പ്രൊജക്ട് രേഖകളിൽ 3333333333 എന്ന നിലവിൽ ഇല്ലാത്ത ആസ്തി നമ്പർ ആണ് ചേർത്തിട്ടുള്ളത്. അതിനാൽ എല്ലാ പ്രവൃത്തികളും ആസ്തിയിൽ ഉൾപ്പെട്ടവയിൽ മാത്രമാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമല്ല.

ആസ്തി രജിസ്റ്റർ പരിശോധിച്ച് ഉറപ്പാക്കാതെ നടത്തുന്ന പ്രവൃത്തികൾ നിയമ നടപടികളിലേയ്ക്ക് പോകുന്ന സാഹചര്യമുണ്ട്. അതിനാൽ ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി പരിപാലിയ്ക്കുന്നതിന് ചുമതലപ്പെട്ടവർ അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതും കാലികമാക്കിയ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ, സചിത്ര സോഫ്റ്റ് വെയർ ബ്ലോക്ക് ആയതിനാൽ ആസ്തി അപ്ഡേറ്റ് ചെയ്യാൻ സാധിച്ചില്ല എന്നാണ് മറുപടി നൽകിയിട്ടുള്ളത്.

ഓഡിറ്റ് എൻക്വയറി നം. 16-27.01.2023

## 1-30 പാനൽ എൻജിനീയർമാർ മുഖേന നടത്തുന്ന ഇലക്ട്രിക്കൽ പ്രവൃത്തികൾ-സർക്കാർ നിർദ്ദേശങ്ങൾ പാലിയ്ക്കുന്നില്ല

പ്രോജക്ട് നം.206/2022- ഡൊമിസിലിയറി കെയർ സെന്ററിൽ ഇലക്ട്രിഫിക്കേഷൻ (തനത് ഫണ്ട് )
ചെക്ക് നം. 258710 /31.03.2022
എഗ്രിമെന്റ് നം.2/എ.ഇ./എൽ.എസ്.ജി.ഡി./ ടി.കെ.വി.എം./21-22/03.05.2021

പ്രോജക്ട് നടപ്പിൽ വരുത്തുന്നതിന് 1,73,200/-രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയത് കൊല്ലം ജില്ലാപഞ്ചായത്തിലെ എൽ. എസ്. ജി. ഡി. ഇലക്ട്രിക്കൽ പാനൽ എൻജിനീയർ ശ്രീ രമണനും,പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയത് പാനൽ എൻജിനീയർമാരായ ശ്രീ. മുഹമ്മദലി , ശ്രീ. സി. എം. ഷംസുദ്ദീൻ എന്നിവരാണ്. ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയർ ടി.എസും നൽകിയിരിക്കുന്നു.

ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ നടത്തിയ ടെണ്ടർ നടപടിയിലൂടെ കരാർ ലഭിച്ച ശ്രീ. ഷഫീക്ക്.എ. നിർവ്വഹിച്ച ഇലക്ട്രിക്കൽ പ്രവൃത്തികൾ പരിശോധിച്ച് ശ്രീ. രമണൻ നൽകിയ കമ്പ്ലീഷൻ സർട്ടിഫിക്കറ്റിന്റെയും ശ്രീ. സി.എം. ഷംസുദ്ദീൻ നടത്തിയ ചെക്ക് മെഷർമെന്റിന്റെയും അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ കരാറുകാരന് 1,64,635/- രൂപ അനുവദിച്ചു. ടി ചെലവ് കൂടാതെ എസ്റ്റിമേറ്റ് തയ്യാറാക്കൽ, ടെണ്ടർ രേഖകൾ തയ്യാറാക്കൽ, സൂപ്പർവിഷൻ, ബിൽ തയ്യാറാക്കൽ എന്നിവയ്ക്കായി എസ്റ്റിമേറ്റിന്റെ 3% തുകയായ 5,197/-രൂപ ശ്രീ. രമണനും ,സാങ്കേതിക അനുമതി റിപ്പോർട്ട് തയ്യാറാക്കൽ, ചെക്ക് മെഷർമെന്റ് എന്നിവയ്ക്കായി 1% തുകയായ 1,732/- രൂപ ശ്രീ. സി. എം. ഷംസുദ്ദീൻ കുഞ്ഞിനും അനുവദിച്ചിട്ടുണ്ട്.

തദ്ദേശ സ്വയം ഭരണ (ഇ. ഡബ്ല്യു. ) വകുപ്പിന്റെ 22.09.2015 ലെ സർക്കാർ ഉത്തരവ് (സാധാ) നം.2878/2015/ത.സ്വ.ഭ.വ ഉത്തരവിൽ ഗ്രാമപഞ്ചായത്തുകളിലെ ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുന്നതിനും പി.ഡബ്ല്യു.ഡി ,കെ.എസ്.ഇ.ബി. എന്നിവിടങ്ങളിൽ നിന്നും വിരമിച്ച യോഗ്യരായ എൻജിനീയർമാരുടെ ഒരു പാനൽ എൽ.എസ്.ജി.ഡി. എക്സിക്യൂട്ടിവ് എൻജിനീയർ തയ്യാറാക്കേണ്ടതാണ്. ഈ പാനലിൽ നിന്നും ഒരു എൻജിനീയറെ തദ്ദേശ സ്വയം ഭരണ സ്ഥാപനം തെരഞ്ഞെടുക്കേണ്ടതും പ്രസ്തുത വ്യക്തിയുമായി കരാറിൽ ഏർപ്പെടേണ്ടതുമാണ്.

രേഖകൾ പരിശോധിച്ചതിൽ പാനൽ എൻജിനീയറെ തെരഞ്ഞെടുത്ത് തദ്ദേശ സ്വയം ഭരണ സ്ഥാപനം പ്രസ്തുത വ്യക്തിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. പ്രവൃത്തി നടത്തിയ കെട്ടിടത്തിന്റെ പ്ലാൻ, ഇലക്ട്രിക്കൽ ഡ്രോയിംഗ് എന്നിവ ഫയലിൽ ഇല്ല.

ഡോൺ ബോസ്കോ കോളേജ് ഓഫ് നഴ്സിംഗ്, കൊട്ടിയം എന്ന സ്വകാര്യ സ്ഥാപനത്തിൽ നടപ്പാക്കിയ പ്രവൃത്തിയിൽ പുനരുപയോഗിക്കാവുന്ന ഉപകരണങ്ങൾ നീക്കം ചെയ്തതിന്റെ രേഖകളും /സ്റ്റോക്ക് എന്നിവ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. ( 30,272/- രൂപ ചെലവഴിച്ച് സ്ഥാപിച്ച 44 ട്യൂബ് സെറ്റുകൾ , 16,800/- രൂപ ചെലവഴിച്ച് വാങ്ങിയ 4 പെഡസ്റ്റൽ ഫാനുകൾ , 35,100/- രൂപ ചെലവഴിച്ച് സ്ഥാപിച്ച 9 സ്ട്രീറ്റ് ലൈറ്റ് ഫിറ്റിംഗ്സ് എന്നിവയുണ്ട്).

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നിർവ്വഹണ ഉദ്യോഗസ്ഥനായ അസി. എൻജിനീയർ നൽകിയ മറുപടിയിൽ ഇത്തരം പ്രവൃത്തികൾക്ക് എഗ്രിമെന്റ് തുടർന്നുള്ള വർഷങ്ങളിൽ വയ്ക്കുന്നതിന് ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചു. സ്ഥാപിച്ച ഉപകരണങ്ങൾ നീക്കം ചെയ്തതുമായി ബന്ധപ്പെട്ട് മറുപടി ലഭ്യമാക്കിയില്ല.

പാനൽ എൻജിനീയറിംഗ് വിഭാഗം മുഖേന പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് മുമ്പ് സർക്കാർ നിർദ്ദേശം പാലിച്ച് മാത്രമേ

ചുമതലപ്പെട്ടവർ നടപടികൾ സ്വീകരിക്കാൻ പാടുള്ളൂ .

മേൽ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ഭരണ സമിതിയുടെ ശ്രദ്ധയിൽ ടി വിഷയം കൊണ്ടുവരുന്നു.

ഓഡിറ്റ് എൻക്വയറി നം. 16-27.01.2023

## 1-31 ഒരേ ദിവസം ഒന്നിൽ കൂടുതൽ പ്രവൃത്തി സ്ഥലങ്ങളിൽ അർദ്ധ /വിദഗ്ധ പ്രവൃത്തികൾ നിർവ്വഹിച്ചതായി രേഖപ്പെടുത്തി തൊഴിലാളികൾക്ക് വേതനം അനുവദിച്ചു

മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ കോൺക്രീറ്റ് റോഡ് നിർമ്മാണ പ്രവൃത്തികളിൽ (അർദ്ധ / വിദഗ്ധ തൊഴിൽ ആവശ്യമുള്ള പ്രവൃത്തികൾ ) ഒരേ തൊഴിലാളികൾ തന്നെ ഒരേ ദിവസത്തിൽ രണ്ടു സ്ഥലത്ത് പ്രവർത്തികൾ ചെയ്തതായി ഹാജർ രേഖപ്പെടുത്തി, ദിവസ വേതനം അനുവദിച്ചത് , മസ്റ്റർ റോൾ ,പെയ്മെന്റ് എഫ് .ടി.ഒ എന്നിവ പരിശോധിച്ചതിൽ ബോധ്യപ്പെട്ടു. ഒരേ തൊഴിലാളിയുടെ അക്കൗണ്ടിലേയ്ക്കാണ് രണ്ട് പ്രവൃത്തികളുടേയും വേതനം കൈമാറിയിട്ടുള്ളത് . തൊഴിലാളികൾ ഒരേ ദിവസം തന്നെ രണ്ടു സ്ഥലത്ത് പ്രവർത്തികൾ ചെയ്തു എന്ന രേഖപ്പെടുത്തൽ ഓഡിറ്റിൽ അംഗീകരിക്കാത്തതിനാൽ ഒരു മസ്റ്റർ റോൾ പ്രകാരം അനുവദിച്ച വേതനമായ 7,060/- രൂപ ഉത്തരവാദികളായ അക്രഡിറ്റഡ് ഓവർസീയർ ശ്രീമതി രാജി.ആർ.ഐ ,അക്രഡിറ്റഡ് എൻജിനീയർ ശ്രീമതി അനിത എൽ. എന്നിവരിൽ നിന്നും ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവർത്തി യുടെ പേര് | വാർഡ് നം | ആളിന്റെ പേര് | വർക്ക് കോഡ് | റ്റി എസ്സ് നം | മസ്റ്റർ റോളിൽ ഒപ്പിട്ട തീയതി | MB നം | മസ്റ്റർ റോൾ നമ്പർ | സ്കിൽഡ്/സെമി സ്കിൽഡ്/അൺ സ്കിൽഡ് | കൈപ്പറ്റിയ തുക (₹) | എഫ്.റ്റി.ഒ. നമ്പർ/ തീയതി | അനർഹമായി അനുവദിച്ച തുക (₹) |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | ഡീസന്റ് ജം. ചിറ പടിഞ്ഞാ റേ ഭാഗം- നടപ്പാത നിർമ്മാണം | 21 | രാജേഷ് | RC/ 342886 | 7005 | 16.03.22 | 259 | 15454 | സെമി സ്കിൽഡ് | 950/- | 2216506/ 03.06.22 | 950/- |
| | | | ശ്രീകുമാരി | | | 16.03.22 | | 15454 | സെമി സ്കിൽഡ് | 860/- | 2216506/ 03.06.22 | 860/- |
| | | | സുനിൽകുമാർ | | | 16.03.22 | | 15454 | സെമി സ്കിൽഡ് | 860/- | 2216506/ 03.06.22 | 860/- |
| | | | ശ്രീജിത്ത് | | | 16.03.22 | | 15454 | സെമി സ്കിൽഡ് | 860/- | 2216506/ 03.06.22 | 860/- |
| | | | സൈദാലി | | | 16.03.22 | | 15454 | സെമി സ്കിൽഡ് | 860/- | 2216506/ 03.06.22 | 860/- |
| | | | അനീഷ് | | | 16.03.22 | | 15454 | സെമി സ്കിൽഡ് | 950/- | 2216506/ 03.06.22 | 950/- |
| | | | നജിത | | | 16.03.22 | | 15454 | സെമി സ്കിൽഡ് | 860/- | 2216506/ 03.06.22 | 860/- |
| | | | നൗഫൽ | | | 16.03.22 | | 15454 | സെമി സ്കിൽഡ് | 860/- | 2216506/ 03.06.22 | 860/- |
| 2 | ലൈബ്രറി കിഴക്ക് വില്ല- നടപ്പാത നിർമ്മാണം | 21 | രാജേഷ് | RC/ 366543 | 55901 | 16.03.22 | 258 | 15245 | സെമി സ്കിൽഡ് | 860/- | 2216531/ 03.06.22 | |
| | | | ശ്രീകുമാരി | | | 16.03.22 | | 15245 | സെമി സ്കിൽഡ് | 860/- | 2216531/ 03.06.22 | |
| | | | സുനിൽകുമാർ | | | 16.03.22 | | 15245 | സെമി സ്കിൽഡ് | 860/- | 2216531/ 03.06.22 | |
| | | | ശ്രീജിത്ത് | | | 16.03.22 | | 15245 | സെമി സ്കിൽഡ് | 860/- | 2216531/ 03.06.22 | |
| | | | | | | | | | | | | |
| | | | സൈദാലി | | | 16.03.22 | | 15245 | സെമി സ്കിൽഡ് | 860/- | 2216531/ 03.06.22 | |
| | | | അനീഷ് | | | 16.03.22 | | 15245 | സെമി സ്കിൽഡ് | 860/- | 2216531/ 03.06.22 | |
| | | | നജിത | | | 16.03.22 | | 15245 | സെമി സ്കിൽഡ് | 860/- | 2216531/ 03.06.22 | |
| | | | നൗഫൽ | | | 16.03.22 | | 15245 | സെമി സ്കിൽഡ് | 860/- | 2216531/ 03.06.22 | |
| | | | | | | | | | | | ആകെ തുക | 7,060/- |

മേൽ വിഷയം സംബന്ധിച്ച നല്കിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ തുക തിരിച്ചടയ്ക്കുന്നതാണ് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അധികമായി കൈപ്പറ്റിയിരിക്കുന്ന തുക തിരികെ ഒടുക്കു വരുത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം .21 /28.01.2023

## 1-32 മഴക്കാലപൂർവ്വ ശുചീകരണപ്രവർത്തനങ്ങൾ-ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ബന്ധപ്പെട്ട

അക്കൌണ്ടിൽ തിരികെ ഒടുക്കവരുത്തേണ്ടതാണ്.

മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി വാർഡൊന്നിന് 20,000/-രൂപ നിരക്കിൽ ആകെ 4,60,000/-രൂപ (ചെക്ക് നം-5135915/9.6.21) മെഡിക്കൽ ഓഫീസർക്ക് (അക്കൌണ്ട് നം-703021400000030)നൽകി. 2021-22വർഷത്തിൽ ശുചിത്വമിഷൻ ഫണ്ട് വാർഡൊന്നിന് 10000/-രൂപ നിരക്കിൽ ആകെ 2,30,000/-രൂപ ചെലവഴിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കി. 2,30,000/-രൂപയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ 28.1.23 തീയതിയിൽ നൽകിയ ഓഡിറ്റ് റിക്വിസിഷൻ നമ്പർ 2ന് ശുചിത്വമിഷൻ ഫണ്ട് 2,30,000/-രൂപ ചെലവഴിക്കുകയും ശേഷിക്കുന്ന തനത് ഫണ്ട് വിഹിതമായ 2,30,000/-രൂപ മെഡിക്കൽ ഓഫീസറുടെ 7030 21400000030 നമ്പർ അക്കൌണ്ടിൽ നിലനിൽക്കുന്നുണ്ടെന്ന മറുപടിയാണ് ലഭ്യമാക്കിയത്.ആയതിനാൽ ചെലവഴിക്കാതെ അവശേഷിക്കുന്നതും മെഡിക്കൽ ഓഫീസറുടെ അക്കൌണ്ടിൽ സൂക്ഷിച്ചിരിക്കുന്നതുമായ 2,30,000/-രൂപ ബന്ധപ്പെട്ട തനത് ഫണ്ട് അക്കൌണ്ടിൽ ഒടുക്കവരുത്തി വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്.

## 1-33 കോക്ലിയർ ഇംപ്ലാന്റേഷൻ -വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

കോക്ലിയർ ഇംപ്ലാനേഷനുകളുടെ മെയിന്റനൻസിനുവേണ്ടി സാമൂഹ്യസുരക്ഷാ മിഷന് തുക കൈമാറുന്നതിനു വേണ്ടി ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പദ്ധതിയാണ് സാമൂഹ്യ സുരക്ഷാമിഷൻ (331/21-22 ).ആയത് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് | സാമൂഹ്യ സുരക്ഷാമിഷൻ (331/21-22 ) |
| അടങ്കൽ | ₹100000/-(തനത് ഫണ്ട്) |
| ചെലവ് | ₹100000/- |

26.02.2019 ലെ സ.ഉ(സാധാ)നം.426/2019/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം തദ്ദേശ ഭരണ സ്ഥാപനത്തിലെ ഗുണഭോക്താക്കളുടെ എണ്ണം അനുസരിച്ച് കോക്ലിയർ ഇംപ്ലാന്റ് ചെയ്ത ഒരു കുട്ടിക്ക് 50,000/-രൂപ നിരക്കിൽ കുട്ടികളുടെ ലിസ്റ്റ് സഹിതം കേരള സോഷ്യൽ സെക്യൂരിറ്റി മിഷനിലേക്ക് ട്രാൻസ്ഫർ ചെയ്യാൻ അനുമതി നൽകിയിട്ടുണ്ട്. മേൽ പദ്ധതി പ്രകാരം മുഹമ്മദ് റംസാൻ, സഫിയ എന്നീ രണ്ട് കുട്ടികളുടെ കോക്ലിയർ ഇംപ്ലാനേഷനുകൾ പ്രവർത്തനക്ഷമമായി നിലനിർത്തുന്നതിനും റിപ്പയർചെയ്യുന്നതിനുമായി കേരള സോഷ്യൽ സെക്യൂരിറ്റി മിഷനിലേക്ക് 100000/-രൂപ ട്രാൻസ്ഫർ ചെയ്തിട്ടുള്ളത്. ഇതിൽ മുഹമ്മദ് റംസാന് 34,810/-രൂപയുടെ റിപ്പയറിനും സഫിയയ്ക്ക് 18,903.6/- രൂപയുടെ റിപ്പയറിനും വേണ്ടിയുള്ള തുകയാണ് മെഡിക്കൽ ഓഫീസറുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കേരള സോഷ്യൽ സെക്യൂരിറ്റി മിഷനിലേക്ക് നൽകിയത്. രണ്ട് കുട്ടികൾക്കും കൂടി കോക്ലിയർ ഇംപ്ലാനേഷനുകൾ പ്രവർത്തനക്ഷമമായി നിലനിർത്തുന്നതിനായി ആവശ്യമുള്ള തുക 53,713/- രൂപയാണ്. എന്നാൽ കേരള സോഷ്യൽ സെക്യൂരിറ്റി മിഷന്റെ 13.10.22 ലെ KSSM/63/2021-P2M വിനിയോഗ സാക്ഷ്യപത്രം പ്രകാരം 100000/-രൂപയുടെ വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടുണ്ട്. ആയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിൽ കേരള സോഷ്യൽ സെക്യൂരിറ്റി മിഷനിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുള്ള 100000/-രൂപയുടെ വിശദമായ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതിനുവേണ്ടി കേരള സോഷ്യൽ സെക്യൂരിറ്റി മിഷനിൽ കത്ത് നൽകിയിട്ടുണ്ടെന്നുമാണ് നിർവഹണ ഉദ്യോഗസ്ഥ മറുപടി നൽകിയിട്ടുള്ളത്.

എന്നാൽ ഇവിടെ 1,00,000/-രൂപ കേരള സുരക്ഷാ മിഷനിൽ ഒടുക്കവരുത്തുക മാത്രമാണ് ചെയ്തിതിട്ടുള്ളത്. തുക നിശ്ചയിച്ചതിന്റെ മാനദണ്ഡം വ്യക്തമല്ല. പ്രസ്തുത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കിയതിന്റെ രേഖകളും ഹാജരാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ, കോക്ലിയർ ഇംപ്ലാന്റേഷൻ എന്ന പദ്ധതിക്കായി ചെലവഴിച്ച 1,00,000/-രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. വിശദമായ വിനിയോഗ സാക്ഷ്യപത്രം, മേൽ പരാമർശിത രേഖകൾ എന്നിവ ഹാജരാക്കി തടസം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ്എൻക്വയറിനം- 2/21-22,23.01.2023

തടസം- 1,00,000/-രൂപ

## 1-34 അങ്കണവാടികൾക്ക് ഏകീകൃത നെയിംബോർഡ് - ടെൻഡർ നടപടികൾ കൂടാതെ നെയിംബോർഡ് വാങ്ങി സ്ഥാപിച്ചു

അങ്കണവാടികളിൽ ഏകീകൃത നെയിംബോർഡ് സ്ഥാപിക്കുക വഴി സാധാരണക്കാരായ പൊതുജനങ്ങൾക്കു പോലും വളരെ എളുപ്പത്തിൽ അങ്കണവാടികളെ തിരിച്ചറിയാൻ കഴിയുക എന്ന ലക്ഷ്യത്തോടെ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പദ്ധതിയാണ് അങ്കണവാടികൾക്ക് ഏകീകൃത നെയിംബോർഡ് (281/21-22). ആയത് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് | അങ്കണവാടികൾക്ക് ഏകീകൃത നെയിംബോർഡ് (281/21-22) |
| അടങ്കൽ | ₹147000/-(Department Fund) |
| ചെലവ് | ₹145706/- |

മേൽ പദ്ധതി പ്രകാരം 49 അങ്കണവാടികളിലേക്കാണ് "അങ്കണവാടികൾക്ക് ഏകീകൃത നെയിംബോർഡ് "എന്ന പദ്ധതി നടപ്പിലാക്കിയത്. അക്രഡിറ്റഡ് ഏജൻസിയായ സിഡ്കോയുടെ ഉമയനല്ലൂർ യൂണിറ്റിൽ നിന്നും ടെൻഡർ നടപടികൾ കൂടാതെയാണ് നെയിംബോർഡുകൾ വാങ്ങി സ്ഥാപിച്ചിട്ടുള്ളത്. ഇപ്രകാരം ടെൻഡർ നടപടികൾ കൂടാതെ സിഡ്കോയിൽ നിന്ന് നെയിംബോർഡ് വാങ്ങിയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിൽ അക്രിഡിറ്റഡ് ഏജൻസിയായ സിഡ്കോയുടെ

ഉമയനല്ലൂർ യൂണിറ്റിൽ നിന്നും ഒരു നെയിംബോർഡിന് 2974/- രൂപ നിരക്കിൽ സ.ഉ.(സാധാ) നം.2638/2017 ത.സ്വ.ഭ.വ, തീയതി.29.07.2017 അനുസരിച്ചാണ് അങ്കണവാടികളിലേക്ക് നെയിംബോർഡ് വാങ്ങി സ്ഥാപിച്ചിട്ടുള്ളതെന്നും, മേൽ ഉത്തരവ് പ്രകാരം സിഡ്കോയുടെ യൂണിറ്റുകളിൽ നിന്നും നിർമ്മിച്ചിരിക്കുന്ന നെയിംബോർഡുകളാണ് സ്ഥാപിച്ചിരിക്കുന്നത് എന്നുമാണ് നിർവഹണ ഉദ്യോഗസ്ഥ മറുപടി നൽകിയിട്ടുള്ളത്.

എന്നാൽ 29.07.2017 ലെ സ.ഉ.(സാധാ) നം.2638/2017 ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം സിഡ്കോ ഉത്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ നേരിട്ട് വാങ്ങുന്നതിനാണ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുള്ളത്. ആയതിനാൽ സിഡ്കോ ഉത്പാദിപ്പിക്കാത്ത നെയിംബോർഡുകൾ ടെൻഡർ നടപടികൾ കൂടാതെ വാങ്ങിയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 145706/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. റേറ്റ് കോൺട്രാക്ടിൽ ഇല്ലാത്ത സാമഗ്രികൾ ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാതെ നേരിട്ട് വാങ്ങൽ നടത്തുന്നതിനുണ്ടായ സാഹചര്യം വ്യക്തമാക്കി തടസ്സം ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ്എൻക്വയറിനം- 2/21-22,23.01.2023

തടസം- 145706/-രൂപ

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ -ആവർത്തിച്ച് നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

കോവിഡ് പ്രതിരോധപ്രവർത്തനങ്ങളുടെ ഭാഗമായി കൊട്ടിയം സിംല ടെക്സ്റ്റൈയിൽസിൽ നിന്നും 6/21 മാസത്തിൽ സാധനങ്ങൾ വാങ്ങിയിരുന്നു. ആയതിന്റെ തുക 8/21 ൽ നൽകുകയും ചെയ്തിട്ടുണ്ട്. അതേ ബില്ലുകൾ തന്നെ ഉപയോഗിച്ച് 2/22 മാസത്തിലും തുക പിൻവലിച്ചു.ആവർത്തന ചെലവുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം. | ബിൽനം /തീയതി | തുക(രൂപ) | ചെക്ക് നം/ തീയതി |
|---|---|---|---|
| 1. | 7330/17.6.21 | 3450/- | 07852/5.8.21 |
| 2. | 1269/24.6.21 | 5000/- | |
| 3. | 8319/25.6.21 | 7763/- | |
| | ആകെ- | 16213/- | |

ഒരിക്കൽ തുക നൽകിയ ബില്ലുകൾ ഉപയോഗിച്ച് 2/22മാസത്തിൽ 16213/-രൂപ (ചെക്ക് നം. 258690/14.02.2022) വീണ്ടും പിൻവലിച്ച് സ്ഥാപനത്തിന് നൽകിയതിന് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.ആയതിനാൽ രണ്ടാമത് നൽകിയ 16213/-രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്.

എൻക്വയറി നം-22/28.1.23
നിരാകരണം- 16213/-രൂപ

### 3-2 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി-ഗുണഭോക്താവിന് വാല്യുവേഷനിൽ നിന്നും അധികമായി തുക നൽകി

2021-22 സാമ്പത്തിക വർഷത്തിൽ അസി.സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി സ്പിൽഓവറായി നടപ്പിലാക്കിയ പദ്ധതിയാണ് പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി (പ്രോജക്ട് നമ്പർ.225/21-22). ആയത് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി (225/21-22) |
|---|---|
| അടങ്കൽ | ₹ 450000/- |
| ചെലവ് | ₹ 445000/-<br>6/21-22,13.10.21- ₹ 75,000/-<br>5/21-22,13.08.21- ₹ 150000/-<br>9/21-22,01.11.21- ₹ 145000/-<br>26/21-22,11.03.22- ₹ 75000/- |

ഈ പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ച ശ്രീമതി. അസീന.എ, വിളയിൽ പുത്തൻവീട്, ചെറുകോണം, കണ്ണനല്ലൂർ എന്ന

ഗുണഭോക്താവിന് നാളിതുവരെ നൽകിയ ഗഡുക്കൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| ഗഡുക്കൾ | തുക (₹) | ബിൽ നമ്പർ |
|---|---|---|
| ഒന്നാം ഗഡു | 50,000/- | 33/20-21, 27.01.21 |
| രണ്ടാം ഗഡു | 75,000/- | 41/20-21, 31.03.21 |
| മൂന്നാം ഗഡു | 75,000/- | 26/21-22, 11.03.22 |

എന്നാൽ 05.03.22 ൽ ഗ്രാമപഞ്ചായത്ത് ഓവർസിയർ നൽകിയ വാല്യുവേഷൻ സർട്ടിഫിക്കേറ്റിൽ പഠനമുറി പൂർത്തീകരിച്ചിട്ടുണ്ടെന്നും, ടി പഠനമുറിയുടെ വാല്യുവേഷൻ 1,76,521/- രൂപയാണെന്നും പറഞ്ഞിട്ടുണ്ട്. ആയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിൽ വാല്യുവേഷനിൽ നിന്നും അധികമായി ചെലവഴിച്ച 23,479/-രൂപ ഗുണഭോക്താവിൽ നിന്ന് തിരിച്ചടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അസി.സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ വാല്യുവേഷനിൽ നിന്നും അധികമായി ഗുണഭോക്താവിന് നൽകിയ 23,479/-രൂപ (200000-176521) ബന്ധപ്പെട്ട ഗുണഭോക്താവിൽ നിന്നും ഈടാക്കി ഒടുക്കുവരുത്താത്ത പക്ഷം നിർവഹണ ഉദ്യോഗസ്ഥയുടെ ബാധ്യതയായി മാറുന്നതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ. 15/21-22, 25.01.22

നിരാകരണം- 23,479/-രൂപ

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 22-01-2022 | കെ.എസ്.എ.കെ.എൽ.എം.പി.7/180/23 തീയതി 31.03.2023 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (₹) | പ്രൊജക്ടിന്റെ പേര് | ചെലവ് (₹) | ബാലൻസ് |
|---|---|---|---|---|---|
| ജില്ല പഞ്ചായത്ത് | 2021--22 | 1500000/- | കൊയ്ത്ത യന്ത്രം വാങ്ങൽ | 1500000/- | |
| ബ്ലോക്ക് പഞ്ചായത്ത് | 2021--22 | 100000/- | കൊയ്ത്ത യന്ത്രം വാങ്ങൽ | 100000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021--22 | 553350/- | നെൽകൃഷി വികസനം | 553350/- | |
| ജില്ല പഞ്ചായത്ത് | 2021--22 | 100000/- | അംഗനവാടി അനുപൂരക പോഷകാ ഹാരം | 100000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021--22 | 150000/- | അംഗനവാടി അനുപൂരക പോഷകാഹാരം | 150000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021--22 | 200000/- | ഭിന്നശേഷി സ്കോളർഷിപ്പ് | 200000/- | |
| ജില്ല പഞ്ചായത്ത് | 2021--22 | 100000/- | ഭിന്നശേഷി സ്കോളർഷിപ്പ് | 100000/- | |
| ജില്ല പഞ്ചായത്ത് | 2021--22 | 3000000/- | ലൈഫ് | 3000000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021--22 | 2500000/- | ലൈഫ് | 2500000/- | |
| ബ്ലോക്ക് പഞ്ചായത്ത് | 2021--22 | 209544/- | ലൈഫ് SC | 209544/- | |
| ബ്ലോക്ക് പഞ്ചായത്ത് | 2021--22 | 2500000/- | ലൈഫ് SC | 2500000/- | |
| ജില്ല പഞ്ചായത്ത് | 2021--22 | 767300/- | ലൈഫ് SC | 767300/- | |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 10340000/- രൂപ വരവുണ്ട്. ചെലവ് തുക 6960000/- രൂപ. മുൻബാക്കി വിവരങ്ങൾ ലഭ്യമല്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ

തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (₹) | തൻവർഷ വരവ് (₹) | തൻവർഷം തിരിച്ചടച്ച തുക (₹) | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| ലൈഫ് ഭവന നിർമ്മാണം | 44821521/- | 10340000/- | 8653333/- | 46508188/- |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 12520387/- |
| തൻവർഷം നിക്ഷേപിച്ച തുക | 529468/- |
| ആകെ | 13036355/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 13036355/- |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്....) | ഡെപ്പോസിറ്റ് രസീത് നമ്പർ | നിക്ഷേപം പുതുക്കിയ തിയതി | കാലയളവ് | തുക (₹) | റിമാർക്ക്സ് |
|---|---|---|---|---|---|---|
| 1 | കേരള ഗ്രാമീൺ ബാങ്ക് | 650501 | 28-09-2021 | 6 മാസം | 1033692/- | സർട്ടിഫിക്കറ്റ് ഹാജരാക്കി |
| 2 | കേരള ഗ്രാമീൺ ബാങ്ക് | 650502 | 28-09-2021 | 6 മാസം | 1033692/- | സർട്ടിഫിക്കറ്റ് ഹാജരാക്കി |
| 3 | കേരള ഗ്രാമീൺ ബാങ്ക് | 650503 | 28-09-2021 | 6 മാസം | 1033692/- | സർട്ടിഫിക്കറ്റ് ഹാജരാക്കി |
| 4 | കേരള ഗ്രാമീൺ ബാങ്ക് | 650504 | 28-09-2021 | 6 മാസം | 1033692/- | സർട്ടിഫിക്കറ്റ് ഹാജരാക്കി |
| 5 | കേരള ഗ്രാമീൺ ബാങ്ക് | 650505 | 28-09-2021 | 6 മാസം | 1033692/- | സർട്ടിഫിക്കറ്റ് ഹാജരാക്കി |
| 6 | കേരള ഗ്രാമീൺ ബാങ്ക് | 650707 | 29-09-2021 | 6 മാസം | 193985/- | സർട്ടിഫിക്കറ്റ് ഹാജരാക്കി |
| 7 | കേരള ഗ്രാമീൺ ബാങ്ക് | 650807 | 03-10-2021 | 6 മാസം | 196288/- | സർട്ടിഫിക്കറ്റ് ഹാജരാക്കി |
| 8 | കേരള ഗ്രാമീൺ ബാങ്ക് | 650938 | 18-06-2022 | 1വർഷം | 197952/- | സർട്ടിഫിക്കറ്റ് ഹാജരാക്കി |
| 9 | കേരള ഗ്രാമീൺ ബാങ്ക് | 1106018 | 31-12-2021 | 1വർഷം | 186933/- | സർട്ടിഫിക്കറ്റ് ഹാജരാക്കി |
| 10 | തൃക്കോവിൽവട്ടം പഞ്ചായത്ത് സർവ്വീസ് സഹകരണ ബാങ്ക് | 12055 | 20-03-2022 | 1വർഷം | 7092737/- | സർട്ടിഫിക്കറ്റ് ഹാജരാക്കി |
| 3 | മറ്റുള്ളവ | | | | 13500/- | ഇത് സംബന്ധിച്ച ഒരു രേഖകളും ഹാജരാക്കിയിട്ടില്ല. |
| ആകെ | | | | | 13036355/- | |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല.

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (₹) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 16213/- | ശ്രീ. ഷിഹാബുദ്ദീൻ, സെക്രട്ടറി |
| 3-2 | | 23479/- | ശ്രീമതി. സതി. ഒ. എസ്, അസി.സെക്രട്ടറി |

| | | | |
|---|---|---|---|
| ആകെ | | 39692/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 9900 | ശ്രീ. അജിത്ത്.എസ്.എൻ, സെക്രട്ടറി |
| 1-21 | 313159/- | ഡോ. നിസ.ബി, മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 1-22 | 215895/- | ഡോ.അനിൽകുമാർ. കെ, വെറ്റിനറി സർജൻ |
| 1-23 | 27857/- | ഡോ.ദിലീപ് ചന്ദ്രൻ, മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) |
| 1-24 | 368844/- | ശ്രീ. അജിത്ത്.എസ്.എൻ, സെക്രട്ടറി |
| 1-25 | 40000/- | ശ്രീമതി.രശ്മി, വി.ഇ.ഒ |
| 1-27 | 200000/- | ശ്രീ.സാബു, വി.ഇ.ഒ |
| 1-33 | 100000/- | ശ്രീമതി. നിഷ ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-34 | 145706/- | ശ്രീമതി. നിഷ ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| ആകെ | 1421361/- | |

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.അനിൽകുമാർ .കെ വെറ്റിനറി സർജൻ | വെറ്റിനറി ഹോസ്പിറ്റൽ തൃക്കോവിൽവട്ടംഗ്രാമപഞ്ചായത്ത് | ബംഗ്ലാവ്, ചിറക്കരത്താഴം, കൊല്ലം |
| ശ്രീമതി.നിഷ ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ മുഖത്തല ബ്ലോക്ക് | സ്റ്റാഫ് ക്വട്ടേഴ്സ് നമ്പർ ബി-8, ബി.എസ്.എൻ.എൽക്വട്ടേഴ്സ്, ശങ്കർ ഹോസ്പിറ്റലിന് സമീപം,കൊല്ലം |
| ശ്രീ. അജിത്ത്.എസ്.എൻ, സെക്രട്ടറി | സെക്രട്ടറി, തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്ത് | ലക്ഷ്മി നാരായൺ,പ്ലാക്കാട്,ആദിച്ചനല്ലൂർ |
| ശ്രീ. ഷിഹാബുദ്ദീൻ, സെക്രട്ടറി | സെക്രട്ടറി, തലവൂർ ഗ്രാമപഞ്ചായത്ത് | ഷിഹാബ് മൻസിൽ, ചന്ദനത്തോപ്പ്, കൊല്ലംപി.ഒ |
| ഡോ.നിസ.ബി, മെഡിക്കൽ ഓഫീസർ (ഹോമിയോ) | മെഡിക്കൽ ഓഫീസർ (ഹോമിയോ) തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്ത് | ബിലാൽ മൻസിൽ, തണൽ നഗർ,പെരുമ്പുഴ |
| ശ്രീമതി.സതി.ഒ.എസ്, അസി.സെക്രട്ടറി | അസി.സെക്രട്ടറി ചിറക്കര ഗ്രാമപഞ്ചായത്ത് | ഗോപി ഭവൻ, കോട്ടാത്തല |
| ഡോ.ദിലീപ് ചന്ദ്രൻ, മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) പട്ടാഴി വടക്കേക്കര ഗ്രാമ പഞ്ചായത്ത് | ദീപ്തി ഭവൻ,ശാസ്താംകോട്ട |
| ശ്രീ.സാബു, വി.ഇ.ഒ | വി.ഇ.ഒ തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്ത് | ഷിബു മന്ദിരം,മതിലിൽ.പി.ഒ |
| ശ്രീമതി.രശ്മി, വി.ഇ.ഒ | വി.ഇ.ഒ തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്ത് | ഗൌരി നന്ദനം, ശരവണ നഗർ-27 ഇരവിപുരം പി.ഒ |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | കെ.എസ്.എ.കെ.എൽ.എം.പി.7-416/18; 26.02.2018 | 7 |
| 1997-98 | കെ.എസ്.എ.കെ.എൽ.എം.പി.7-416/18; 26.02.2018 | 1 |

| | | |
|---|---|---|
| 1998-99 | കെ.എസ്.എ.കെ.എൽ.എം.പി.7-416/18; 26.02.2018 | 3 |
| 1999-00 | കെ.എസ്.എ.കെ.എൽ.എം.പി.7-416/18; 26.02.2018 | 3 |
| 2000 – 01 | കെ.എസ്.എ.കെ.എൽ.എം.പി.7-416/18; 26.02.2018 | 7 |
| 2001-02 | കെ.എസ്.എ.കെ.എൽ.എം.പി.7-416/18; 26.02.2018 | 7 |
| 2002-03 | കെ.എസ്.എ.കെ.എൽ.എം.പി.7-416/18; 26.02.2018 | 3 |
| 2003-04 | കെ.എസ്.എ.കെ.എൽ.എം.പി.7-416/18; 26.02.2018 | 9 |
| 2004-05 | കെ.എസ്.എ.കെ.എൽ.എം.പി.7-416/18; 26.02.2018 | 6 |
| 2005-06 | കെ.എസ്.എ.കെ.എൽ.എം.പി.7-416/18; 26.02.2018 | 6 |
| 2006-07 | കെ.എസ്.എ.കെ.എൽ.എം.പി.7-807(1)/19; 12.6.19 | 19 |
| 2007-08 | കെ.എസ്.എ.കെ.എൽ.എം.പി.7-807(2)/19; 12.6.19 | 24 |
| 2008-09 | കെ.എസ്.എ.കെ.എൽ.എം.പി.7-807(3)/19; 12.6.19 | 10 |
| 2009-10 | കെ.എസ്.എ.കെ.എൽ.എം.പി.7-807(4)/19; 12.6.19 | 3 |
| 2010-11 & 2011-12 | കെ.എസ്.എ.കെ.എൽ.എം.പി.7/അദാലത്ത്/2010-11 &2011-12/1528/22; 25.08.22 | 7 |
| 2012-13 | കെ.എസ്.എ.കെ.എൽ.എം.പി.7/അദാലത്ത്/2012-13/1528/22; 25.08.22 | 30 |
| 2013-14 & 2014-15 | കെ.എസ്.എ.കെ.എൽ.എം.പി.7/അദാലത്ത്/2013-14 & 2014-15/1528/22; 25.08.22 | 13 |
| 2015-16 | കെ.എസ്.എ.കെ.എൽ.എം.പി.7/അദാലത്ത്/2015-16/1528/22; 25.08.22 | 9 |
| 2016-17 | കെ.എസ്.എ.കെ.എൽ.എം.പി.7-1727/17; 20.10.17 | 23 |
| 2017-18 | കെ.എസ്.എ.കെ.എൽ.എം.പി.7-1452/18; 05.12.18 | 24 |
| 2018-19 | കെ.എസ്.എ.കെ.എൽ.എം.പി.7-1147/22; 27.09.2022 | 14 |
| 2019-20 | കെ.എസ്.എ.കെ.എൽ.എം.പി7/1739/21; 24.09.22 | 8 |
| 2020-21 | കെ.എസ്.എ.കെ.എൽ.എം.പി7/1304/2022;29-07-2022 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം -3

## അനുബന്ധപത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്